Bringing You Closer to God
LANDWAY

# ലാൻഡ്‌വേ ന്യൂസ്

www.landwaynews.com email: landwaynews@gmail.com
Landway News

10 OCTOBER 2015

RNI-KERBIL/2015/62054

Published From Pathanamthitta • Volume No. 1, Issue No.9 • Pages 8 • Price: Rs. 10/-

## കൽബുർഗി വെടിയേറ്റു മരിച്ചു



**ധാർവാഡ്:** പ്രമുഖ കന്നഡ സാഹിത്യകാരനും കന്നഡ സർവകലാശാലാ മുൻ വൈസ് ചാൻസലറുമായ എം.എം. കൽബുർഗി (77) ധാർവാസ് കല്യാൺ നഗറിലെ വസതിയിൽ അജ്ഞാതരുടെ വെടിയേറ്റ് മരിച്ചു. വിഗ്രഹാരാധനയ്ക്കെതിരായ പരാമർശത്തെ തുടർന്ന് കഴിഞ്ഞ വർഷം ബജ്റംഗ്ദൾ, വിശ്വഹിന്ദുപരിഷത്ത്, ശ്രീരാമസേന അനുകൂലികൾ കൽബുർഗിയുടെ വസതിക്കു മുന്നിൽ പ്രതിഷേധം നടത്തിയിരുന്നു. അന്ധവിശ്വാസം, ദുർമന്ത്രവാദം എന്നിവയ്ക്കെതിരായ അദ്ദേഹത്തിന്റെ ശക്തമായ നിലപാടുകൾ പലപ്പോഴും വിമർശനങ്ങൾക്കിടയാക്കിയിരുന്നു. പുരോഗമന ആശയങ്ങളിലൂടെ വിവാദം സൃഷ്ടിച്ച പ്രഥമ കന്നട സാഹിത്യകാരനായ കൽബുർഗി യുക്തിവാദി ആയിരുന്നു. കേസ് സി ബി ഐ ഏറ്റെടുക്കുന്നതുവരെ കർണാടക പോലീസിന്റെ ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ ഡിപ്പാർട്ട്മെന്റ് (സി.ഐ.സി) അന്വേഷണം തുടരുമെന്ന് ആഭ്യന്തരമന്ത്രി കെ. ജെ. ജോർജ്ജ് അറിയിച്ചു.

# പെന്തക്കോസ്തർക്ക് ന്യൂനപക്ഷാവകാശങ്ങൾ ഉറപ്പാക്കും: അഡ്വ. വി.വി. ജോഷി

**തിരുവല്ല:** പെന്തക്കോസ്തർക്ക് ഭരണഘടന അനുശാസിക്കുന്ന എല്ലാ അവകാശങ്ങളും കേരളാ സ്റ്റേറ്റ് ന്യൂനപക്ഷ കമ്മീൻ ഉറപ്പുവരുത്തുമെന്ന് കമ്മീഷൻ അംഗം അഡ്വക്കേറ്റ് വി. വി. ജോഷി പ്രസ്താവിച്ചു. ആഗസ്റ്റ് 15 ന് തിരുവല്ലായിൽ നടന്ന പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ ഏകദിന സെമിനാറിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കേരളത്തിലെ പ്രബല ക്രൈസ്തവ സമൂഹമാണ് പെന്തക്കോസ്തുകാർ. പക്ഷേ ഇന്നും പല നിലയിലുള്ള അവഗണന അനുഭവിക്കുന്നുണ്ട്. ആരാധനാലയ നിർമ്മാണം, സെമിത്തേരി, സുവിശേഷ പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ഈ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ ന്യൂനപക്ഷ കമ്മീഷന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. സർക്കാരിൽ നിന്ന് ഭരണഘടന അനുശാസിക്കുന്ന എല്ലാ ആനുകൂല്യങ്ങളും നേടിക്കൊടുക്കുവാൻ കമ്മീഷൻ പരിശ്രമിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

വൈസ് പ്രസിഡണ്ട് പാസ്റ്റർ കെ. എ.ഉമ്മന്റെ അദ്ധ്യക്ഷതയിൽ നടന്ന സെമിനാർ ജനറൽ പ്രസിഡണ്ട് തോമസ് വടക്കേക്കുറ്റ് ഉദ്ഘാടനം ചെയ്തു. 'ഭാരത ക്രൈസ്തവർ -വർത്തമാനവും ഭാവിയും' എന്ന വിഷയം അവതരിപ്പിച്ച് പ്ലാന്റേഷൻ കോർപ്പറേഷൻ ചെയർമാൻ ഡോ. വർഗീസ് ജോർജ്ജ് പ്രസംഗിച്ചു. പാസ്റ്റർമാരായ തോമസ് ഫിലിപ്പ് (ഏ.ജി.), പി.ജി. ജേക്കബ് (ശാരോൻ), വി.ജി.തോമസ്കുട്ടി (ഐ.പി.സി.), പി. എം. ബേബി (ഗ്ലോബൽ മിഷൻ), കെ.സി. സണ്ണിക്കുട്ടി (ചർച്ച് ഓഫ് ഗോഡ്), ടി.വി. ബാബു (ഗോസ്പൽ ഇൻ ആക്ഷൻ), മാത്യു പാലത്തുങ്കൽ (മീഡിയ), രാജീവ് ജോൺ (കെ.പി.സി.സി. നോഡൽ ഓഫീസർ) എന്നിവർ ആശംസകൾ അറിയിച്ചു. ജനറൽ സെക്രട്ടറി പാസ്റ്റർ ജെ. ജോസഫ് സ്വാഗതവും പറഞ്ഞു. അഡ്വൈസറി ബോർഡ് ചെയർമാൻ റവ. ഡോ. ഏബ്രഹാമിന്റെ സന്ദേശം ഇവാ. ജോൺ പി. നൈനാൻ വായിച്ചു.



12 മുതൽ നടന്ന നിയമ പഠന ക്ലാസ്സിൽ റിട്ട. ഫ്സ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് വി.ഇ. വർഗീസ് ക്ലാസ്സുകൾ നയിച്ചു. പാസ്റ്റർ ജോസ് അതുല്യ അദ്ധ്യക്ഷത വഹിച്ചു. പി.സി.ഐ.യുടെ മെമന്റോ ട്രഷറാർ പാസ്റ്റർ ബേബി കടമ്പനാട് വയനാട് ജില്ല ജഡ്ജിയായി നിയമിതനായ ശ്രി. വിൻസെന്റ് ചാർളിക്ക് നല്കി ആദരിച്ചു. ശ്രീ വിൻസെന്റ് മറുപടി പ്രസംഗം നടത്തി. പാസ്റ്റർമാരായ രാജു ആനിക്കാട്, എം.കെ. കരുണാകരൻ, ജിജി ചാക്കോ, തോമസ് വർഗീസ്, പി. സൈലാസ്കുട്ടി എന്നിവർ വിവിധ സെക്ഷനുകളിൽ പ്രാർത്ഥനയ്ക്ക് നേതൃത്വം വഹിച്ചു.

2.30 മുതൽ നടന്ന വനിതാ സമ്മേളനത്തിൽ സീനിയർ വൈസ് പ്രസിഡണ്ട് കെ. ഏബ്രഹാം അദ്ധ്യക്ഷനായിരുന്നു. പുതിയതായി രൂപീകരിച്ച പി.സി.ഐ. വിമെൻസ് ഫോറം, പ്രസിഡണ്ട് തോമസ് വടക്കേക്കുറ്റ് ഉദ്ഘാടനം ചെയ്തു. ന്യൂ ഇൻഡ്യാ ചർച്ച് ഓഫ് ഗോഡ് വനിതാ വിഭാഗം പ്രസിഡണ്ട് മിസ്സിസ് മറിയാമ്മ തമ്പി വിമെൻസ് ഫോറം ഭാരവാഹികളെ അനുഗ്രഹിച്ച് പ്രാർത്ഥിക്കുകയും പ്രസംഗിക്കുകയും ചെയ്തു. ബ്രദർ ടി.എം. മാത്യു (ഗുഡ്ന്യൂസ്), ജെയ്സ് പാണ്ടനാട്, അജി കുളങ്ങര, പാസ്റ്റർ റോയി വാഴമുട്ടം, ബിജു വർഗീസ്, പി.ജി. ജോർജ്ജ്, മിസ്സിസ് ഏലിയാമ്മ തോമസ് (ഐ.പി.സി. സോദരീ സമാജം പ്രസിഡണ്ട് ) എന്നിവർ ആശംസകൾ അറിയിച്ചു.

വിമെൻസ് ഫോറം പ്രസിഡണ്ട് മിസ്സിസ് ഏലിയാമ്മ തോമസ് സ്വാഗതവും സെക്രട്ടറി മിസ്സിസ് ഷോളി വർഗീസ് കൃതഞ്ജതയും പറഞ്ഞു. മിസ്സിസ് ലില്ലി റെജി സങ്കീർത്തനം വായിക്കുകയും മിസ്സിസ് ബിജോ ജോസ് അതുല്യ, മിസ്സിസ് ജോയമ്മ വർഗീസ് എന്നിവർ പ്രാർത്ഥിക്കുകയും ചെയ്തു.

# യുണൈറ്റഡ് പെന്തകോസ്തൽ ഫെലോഷിപ്പിന് തുടക്കം




**ഡഗ്ളസ് ജോസഫ്,**
**മീഡിയ സെക്രട്ടറി**
**യു. പി. എഫ്,**
**സ്വന്തം ലേഖകൻ**

**യു. എ. ഇ:** ഫുജൈറ കേന്ദ്രമാക്കി രൂപീകരിച്ച യു. എ. ഇ. ഈസ്റ്റേൺ റീജിയണിലെ പതിനഞ്ചോളം പെന്തകോസ്ത് സഭകളുടെ ഐക്യവേദിയായ യു. പി. എഫ്. ഇ. ആർ - യുണൈറ്റഡ് പെന്തകോസ്തൽ ഫെലോഷിപ്പ് ഓഫ് ഈസ്റ്റേൺ റീജിയണിന്റെ പ്രവർത്തന ഉദ്ഘാടനം ഫുജൈറ സിറ്റി ടവർ ഹോട്ടൽ ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ യു. എ. ഇ യിലെ മുതിർന്ന ദൈവദാസനും, ഷാലോം ദൈവസഭയുടെ പാസ്റ്ററുമായ പാസ്റ്റർ ജോൺസൻ ലാസർ നിർവഹിച്ചു.

ഫുജൈറ ഫുൾ ഗോസ്പൽ ചർച്ച് പാസ്റ്ററും, യു. പി. എഫ് ജോയിന്റ് സെക്രട്ടറിയുമായ പാസ്റ്റർ ജെ. എം. ഫിലിപ്പ്, സ്വാഗതം ആശംസിച്ചു. പാസ്റ്റർ റെജി ജോൺ, ബ്രദർ കെ. കെ. വർഗീസ് എന്നിവർ ഗാനശുശ്രൂഷയ്ക്കും, ഉദ്ഘാടന സമ്മേളനത്തിനും പ്രാരംഭ പ്രാർത്ഥനകൾക്ക് നേതൃത്വം നിൽകി. മീഡിയ സെക്രട്ടറി ബ്രദർ ഡഗ്ളസ് ജോസഫ് യു.പി.എഫിലെ വിവിധ സഭകളെയും ദൈവദാസന്മാരെയും സദസ്സിന് പരിചയപ്പെടുത്തി. ഉദ്ഘാടന സമ്മേളനത്തിൽ യു.പി.എഫ് പ്രസിഡന്റ് പാസ്റ്റർ ജെയിംസ് കെ. ഈപ്പൻ അദ്ധ്യക്ഷത വഹിച്ചു. യു.പി.എഫിന്റെ ഉദ്ദേശ്യലക്ഷങ്ങളെ അറിയിച്ചുകൊണ്ട് യു.പി.എഫ്. വൈസ് പ്രസിഡന്റ് പാസ്റ്റർ എം.വി. സൈമൺ മുഖ്യ പ്രഭാഷണം നടത്തി. ബ്രദർ അരുൾ ക്രിസ് ജോയുടെ നേതൃത്വത്തിലുള്ള ക്വയർ പ്രാരംഭമായി യു.പി.എഫിന്റെ കാരണഭൂതനായി സർവ്വശക്തനായ ദൈവത്തെ സ്തുതിക്കുന്ന ഗാനങ്ങൾ ആലപിച്ചു. യു.പി.എഫ് സെക്രട്ടറി പാസ്റ്റർ ഷാജി മാത്യൂസ് നന്ദി പ്രകാശിപ്പിച്ചു. പാസ്റ്റർ ഷാജി (അലക്സാണ്ടർ), സഹോദരമ്മാരായ ജിജി പാപ്പച്ചൻ, കോശി ചാക്കോ, അജിത്ത്, ബിജു ഡേവിഡ്, ഷിജോ, ഫിലിപ്പ് ഏബ്രഹാം, ലാലു പോൾ, ലാൽ വർഗീസ്, സുജു മത്തായി, മാത്യൂസ് വർഗീസ്, സണ്ണി മെഴുവേലി, പാസ്റ്റർമ്മാരായ മോനിക്കുട്ടൻ, ജോൺസൻ മത്തായി തുടങ്ങിയവർ സമ്മേളനത്തിന് നേതൃത്വം നൽകി.

# ഷാലോം ചർച്ച് യൂത്ത് വിംങ്ങ് വാർഷികം




*പാസ്റ്റർ എം. വി. സൈമൺ മുഖ്യപ്രഭാഷണം നടത്തുന്നു*

**യു.എ.ഇ:** ഷാർജ കോർഫക്കാൻ ഷാലോം ചർച്ച് യൂത്ത് വിംങ്ങിന്റെ വാർഷികം സെപ്റ്റംബർ 25-ാം തീയതി നടത്തപ്പെട്ടു. സെക്രട്ടറി ബ്രദർ ഡഗ്ളസ് ജോസഫ് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. സഭാപാസ്റ്റർ ജോൺൻ ലാസറിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ പാസ്റ്റർ എം. വി. സൈമൺ മുഖ്യാതിഥിയായിരുന്നു. പാസ്റ്റർ ജെയിംസ് കെ. ഈപ്പൻ വചനസന്ദേശം നൽകി. യൂത്ത് വിങ്ങിന്റെ വിവിധ പ്രോഗ്രാമുകൾ യോഗത്തിന് മിഴിവേകി. താലന്റ് ടെസ്റ്റിലെ വിജയികൾക്ക് പാസ്റ്റർമാരായ എം. വി. സൈമൺ, ജെയിംസ് കെ. ഈപ്പൻ, ജോൺസൻ ലാസർ എന്നിവർ സമ്മാനം നല്കി. സോളോ, ആക്ഷൻ സോങ്ങ്, ചെറുകഥ, ബൈബിൾ മെമ്മറി വേഴ്സ് എന്നീ ഇനങ്ങളിൽ ഒന്നാം സ്ഥാനത്തോടെ ലിയോ ഡഗ്ളസ് ജോസഫ് ഓവർ ഓൾ ചാമ്പ്യനായി. ബ്രദർ കോശി ചാക്കോ നന്ദി പ്രകാശിപ്പിച്ചു. ബ്രദർ ജോൺസൻ ജോർജ്ജ് പ്രാർഥിച്ച് വാർഷിക സമ്മേളനം അവസാനിപ്പിച്ചു.

# ലാൻഡ്‌വേ ന്യൂസിന്റെ 2015 ലെ പ്രൊമോഷണൽ മീറ്റിംഗ് ബഹറനിൽ നടത്തപ്പെട്ടു












**1** ബോസ് ബി. വർഗീസ് നന്ദി പ്രകാശിപ്പിക്കുന്നു. **2** ബിനു ചാരുത ഗാനം ആലപിക്കുന്നു. **3** ബിനു ചാരുത ആശംസകൾ നേരുന്നു. **4** ഫിന്നി കാഞ്ഞങ്ങാട് ആശംസകൾ നേരുന്നു. **5** സന്തോഷ് പന്തളം ലാൻഡ്‌വേ ന്യൂസിനെക്കുറിച്ച് പരിചയപ്പെടുത്തുന്നു. **6** സ്നേഹിതരായ ബിനു ചാരുത, സോളമൻ, സന്തോഷ് പന്തളം, ബെന്നി വാഴമുട്ടം എന്നിവർ കണ്ടുമുട്ടിയപ്പോൾ, **7** കുഞ്ഞുമോൻ പ്രാരംഭ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുന്നു. **8** യോഗത്തിന്റെ ചെയർമാനായി ജിജോ അങ്കമാലി. **9** ഗാനങ്ങൾക്ക് ബിനു ചാരുതയും സോളമനും നേതൃത്വം നൽകുന്നു. **10** ഡോ. പി.സി എബ്രഹാം സമാപന സന്ദേശം നൽകുന്നു.

Editorial Desk



സന്തോഷ് പന്തളം

# ആവശ്യങ്ങളറിഞ്ഞ് പ്രവർത്തിക്കുന്നവൻ

ഒരിക്കൽ നിരന്തരം പ്രാർത്ഥിക്കുന്ന ഒരു മനുഷ്യൻ ദൈവത്തോടു പറഞ്ഞു എന്റെ ജീവിതത്തിലെ ആവശ്യങ്ങൾ അറിഞ്ഞു എന്നെ സഹായിക്കണം. ഉടനടി ദൈവം മറുപടി നൽകി. തീർച്ചയായും ഞാൻ നിന്റെ ആവശ്യങ്ങളറിഞ്ഞു സഹായിക്കും. ഈ വാക്ക് ദൈവത്തിൽ നിന്നും താൻ കേട്ടപ്പോൾ വളരെ സന്തോഷത്തിലാണ്. ദൈവം പറഞ്ഞതുപോലെ ഓരോ നിമിഷവും ദിവസവും ഈ മനുഷ്യന്റെ ആവശ്യങ്ങളറിഞ്ഞ് പ്രവർത്തിച്ചുകൊണ്ടേയിരുന്നു. ദൈവത്തിന്റെ കരുതലിന്റെ കരം പലപ്പോഴും മുഖാമുഖമായി ഈ മനുഷ്യൻ കണ്ടു. കുറെ നാളുകൾ ഇങ്ങനെ പോയിക്കൊണ്ടിരുന്നപ്പോൾ തന്റെ ഹൃദയത്തിൽ നിന്നും ഒരു ചിന്ത എന്റെ ആവശ്യങ്ങൾ അറിയുന്നവൻ ദൈവമാണല്ലോ? കുറച്ചുകൂടെ സൗകര്യത്തിലേക്ക് മുന്നോട്ടു പോകണം. അങ്ങനെ ജീവിക്കണമെങ്കിൽ ഈ വിധത്തിൽ കൂടി പോയാൽ മതിവരികയില്ല. തന്റെ ചിന്തകൾ പോലെ അൽപം ജീവിതപാത മാറ്റിത്തിരിച്ചു താൻ യാത്ര തുടങ്ങി.

അനന്തരഫലമെന്ന് പറയട്ടെ കൊടിയ കാറ്റ് അടിക്കുന്നതുപോലെ തന്റെ ജീവിതത്തിൽ പ്രശ്നങ്ങളുടെ പരമ്പരതന്നെ നിഴലിടാൻ തുടങ്ങി. പ്രതികൂലത്തിന്റെ കാറ്റുകളെ തന്റെ ചിന്തകൊണ്ടോ ശക്തികൊണ്ടോ അടിച്ചമർത്താൻ കഴിയുന്നില്ല. ഈ മനുഷ്യൻ പാപമൊന്നും ചെയ്തിട്ടില്ല, മറിച്ച് ഒരൽപം ദൈവപാതയിൽ നിന്നും വ്യതിചലിച്ചു ചിന്തിച്ചതേയുള്ളൂ. ആവശ്യങ്ങൾക്കപ്പുറം അത്യാഗ്രഹത്തിലേക്ക് ചായാൻ ശ്രമിച്ചുവെന്നേയുള്ളൂ. അവന്റെ ചിന്തകളെ ദൂരത്തു നിന്ന് അറിയുന്ന ദൈവം സ്നേഹത്തിൽ പുഞ്ചിരിച്ചുകൊണ്ടിരുന്ന മുഖം അൽപനേരത്തേക്ക് തിരിച്ചുകളഞ്ഞു.

ദൈവത്തിന്റെ മുഖം മനുഷ്യരിൽ നിന്നും തിരിച്ചാൽ പിന്നെ അവന്റെ അവസ്ഥ പരിതാപകരമാണ്. ചെയ്യുന്നതൊക്കെയും പ്രശ്നവും ചെയ്യുന്ന കാര്യത്തിൽ അസംതൃപ്തിയും, ഹൃദയത്തിൽ അധൈര്യവും അപകർഷതാ ബോധവും നടനമാടാൻ ശ്രമിച്ചുകൊണ്ടിരിക്കും. തെറ്റ് മനസ്സിലാക്കിയ ഭക്തൻ ദൈവത്തോട് പ്രാർത്ഥിച്ച് ക്ഷമ പറഞ്ഞു, അനന്തരം ദൈവം പൂർവ്വാധികം നന്മകളോടെ തിരിച്ചുകൊണ്ടുവന്നു.

നമ്മുടെ ആവശ്യങ്ങളറിഞ്ഞ് നമ്മെ സഹായിക്കുന്നവനാണ് നമ്മുടെ ദൈവം. ചിലർ ചിന്തിച്ചേക്കാം വലിയ തെറ്റൊന്നും ആ മനുഷ്യൻ ചെയ്തില്ലല്ലോ. പിന്നെ എന്തിനാണ് ദൈവം അവനെ ശിക്ഷിച്ചത്. പറയാം സ്നേഹിതരെ, വലിയ തെറ്റും ചെറിയ ചെറ്റും എന്ന് രണ്ടു തെറ്റുകളില്ല. തെറ്റ് ഒന്നേയുള്ളൂ. നാം അതിന് കൊടുക്കുന്ന വ്യാഖ്യാനമാണ് വലിയതും ചെറിയതും എന്നത്. നമ്മുടെ ചെറിയ തെറ്റുകളും, വീഴ്ചകളും, കുറവുകളും ദൈവം നോക്കിക്കൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ തെറ്റുകളെ കൂട്ടുപിടിക്കുന്നവനായ ദൈവം പാപത്തെ വെറുക്കുകയും പാപികളെ സ്നേഹിക്കുകയും ചെയ്യുന്ന നല്ല ദൈവമാണ്. നമ്മുടെ കർത്താവായ യേശുക്രിസ്തു ഏത് ആവശ്യമാണ് നമുക്കു വേണ്ടത് ആ ആവശ്യങ്ങൾ ദൈവം നിറവേറ്റി അനുഗ്രഹത്തിന്റെ പാതയിൽക്കൂടി നമ്മെ ദിനംതോറും നയിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ പ്രാർത്ഥനയും ആരാധനയും ദൈവത്തിന് ഹിതമാംവണ്ണം ഓരോ നിമിഷവും ദൈവത്തോട് അർപ്പിക്കുന്ന യാഗമായി മാറണം. നാം പ്രാർത്ഥിക്കുമ്പോൾ ചിന്തിക്കേണ്ട ചില കാര്യങ്ങൾ ഉണ്ട്. ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുന്ന രീതിയിലുള്ള കാര്യങ്ങളിൽ മാത്രമേ ദൈവത്തോടു പ്രാർത്ഥിക്കാവൂ. പ്രാർത്ഥിക്കുന്ന വിഷയത്തിന്റെ ആവശ്യകത നാം മുന്നമേ അറിയണം. ദൈവത്തിന് ഹിതമാംവണ്ണം നമ്മുടെ ഹൃദയങ്ങളെ ശുദ്ധീകരിച്ചിട്ടു വേണം പ്രാർത്ഥിക്കുവാൻ.

ഇങ്ങനെ പ്രാർത്ഥിക്കുകയും ജാഗരിക്കുകയും ചെയ്യുമ്പോൾ നമ്മുടെ ആവശ്യങ്ങൾ അറിഞ്ഞ് സ്വർഗ്ഗത്തിലെ ദൈവം കിളിവാതിലുകൾ തുറക്കും. നമ്മുടെ ശൂന്യതകളെ നിറച്ച് അനുഗ്രഹമേറിയ അനുഭവത്തിൽ കൂടി ദൈവം കരം പിടിച്ചു നടത്തും. ദൈവം തന്റെ ഭക്തന്മാരെ കഴിഞ്ഞ നാളുകളിൽ അത്ഭുതവും ഐശ്വര്യവുമായി നടത്തിയ എത്രയെത്ര സംഭവങ്ങൾ നമുക്ക് കേൾക്കാനും കാണാനും കഴിഞ്ഞിട്ടുണ്ട്. നാം സാരമില്ലായെന്നു ചിന്തിക്കുന്ന ചെറിയ തെറ്റുകൾ പോലും ദൈവം വ്യക്തമായി കാണുന്നു എന്നതാണ് യഥാർത്ഥ സത്യം. പലരും പറയുന്നത് ഭയങ്കര തെറ്റുകൾ ചെയ്യുന്നവരെയാണ് ദൈവം ശിക്ഷിക്കുന്നതെന്ന്. ചെറിയ തെറ്റും വലിയ തെറ്റും ദൈവസന്നിധിയിൽ പാപം തന്നെയാണ്.

ദൈവം നൽകുന്ന എല്ലാ സാഹചര്യത്തിലും നാം സംതൃപ്തരാകണം. ദൈവത്തോടു ഒരിക്കലും പരാതിപ്പെടാതെ നൽകുന്ന എല്ലാ സാഹചര്യത്തിലും നാം തൃപ്തരാക്കണം. പിറുപിറുപ്പും പകയും പഴിയും നമ്മിൽ നിന്നും മാറ്റുവാനായി ദൈവത്തോട് ദിനംതോറും പ്രാർത്ഥിക്കണം. അഥവാ കഷ്ടതയുടെ കഠിനശോധനയിൽ കൂടി കടന്നുപോയാലും ദൈവനാമത്തിന് എതിരായി സംസാരി ക്കുവാനോ പിറുപിറുക്കുവാനോ നാം ഇടകൊടുക്കരുത്.

ഭക്തന്റെ ജീവിതത്തിലെ ആവശ്യങ്ങൾ അറിഞ്ഞ് പ്രവർത്തിച്ച ദൈവം നമ്മുടെ വിഷയങ്ങളിലും ഏറ്റവും അടുത്ത കൂട്ടാളിയാണ്. യേശുക്രിസ്തുവിനെ പിൻപറ്റിയാൽ നമ്മുടെ ജീവിതം തന്നെ മാറും. യേശുവിനെ പിൻപറ്റിയില്ലായെങ്കിൽ നമ്മുടെ ജീവിതം തന്നെ തകരും. ആയതിനാൽ നമ്മുടെ ആവശ്യങ്ങളറിയുന്ന അരുമനാഥന്റെ കരങ്ങളിൽ സമർപ്പിക്കൂ.

**ഭക്തന്റെ ജീവിതത്തിലെ ആവശ്യങ്ങൾ അറിഞ്ഞ് പ്രവർത്തിക്കുന്ന ദൈവം നമ്മുടെ വിഷയങ്ങളിലും ഏറ്റവും അടുത്ത കൂട്ടാളിയാണ്. യേശുക്രിസ്തുവിനെ പിൻപറ്റിയാൽ നമ്മുടെ ജീവിതം തന്നെ മാറും. യേശുവിനെ പിൻപറ്റിയില്ലായെങ്കിൽ നമ്മുടെ ജീവിതം തന്നെ തകരും.**

# മാതാപിതാക്കളെ കർത്താവിൽ അനുസരിക്കുക

‘മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ’. വിശുദ്ധ വേദപുസ്തകത്തിൽ പറയുന്ന വാഗ്ദത്തത്തോടുകൂടിയ ആദ്യ കൽപന ആകുന്നു ഇത്.

ഒരു പൈതലിനോട് തീയിൽ കൈ വയ്ക്കരുത് എന്ന് പറഞ്ഞാൽ ആ പൈതൽ അത് അനുസരിച്ചില്ല. അപ്രകാരം തന്നെ താൻ ചെയ്യുന്ന തെറ്റുകളും, കുറ്റങ്ങളും, കുറവുകളും എന്ത് ആവശ്യത്തിനു വേണ്ടി മാതാപിതാക്കൾ അല്ലെങ്കിൽ മുതിർന്നവർ ചോദ്യം ചെയ്യുന്നു എന്ന് ഒരു ചിന്ത ഇന്നത്തെ യുവതലമുറയുടെ ഉള്ളിൽ ഉണ്ട് എന്നതാണ് സത്യം.

എന്റെ ചിന്തയിൽ ഒരു കഥ വരുന്നു. ഒരു ചിലന്തി സാധാരണയായി അലഞ്ഞ് നടക്കുന്ന ഒരു ജീവിയാണ്. എന്നാൽ ചിലന്തികൾക്ക് വിശപ്പ് അടക്കാൻ ഒരിക്കലും സാധിക്കില്ല കാരണം ഒരു ചിലന്തിക്ക് എണ്ണി തീർക്കാൻ പറ്റാത്ത രീതിയിൽ മക്കൾ ഉണ്ടാകാറുണ്ട്. മക്കൾക്ക് എല്ലാം വേണ്ടി ഭക്ഷണം കൊടുക്കുന്നത് അസാധ്യമാണ്. പക്ഷേ, തന്റെ മക്കൾ വിശപ്പ് സഹിച്ച് ജീവിക്കരുത് എന്ന് ആ ചിലന്തി മാതാവ് ആഗ്രഹിക്കുന്നു. അതിനാൽ നമ്മുടെ കർത്താവായ യേശു നമുക്ക് വേണ്ടി കാൽവറി ക്രൂശിൽ മരിച്ചപോലെ, തന്റെ ശരീരം നമ്മുടെ പാപം കഴുകുവാനായി തന്നപോലെ ചിലന്തിയും തന്റെ ശരീരം മക്കൾക്കു വേണ്ടി നൽകും. എന്തിനാണെന്ന് വെച്ചാൽ തന്റെ മക്കൾ വിഷമിക്കാതെ ഇരിക്കാൻ ഇതാകുന്നു സ്നേഹം.

മക്കളായ നാം ഒന്നു ചിന്തിക്കൂ. നമ്മുടെ നന്മയ്ക്ക് വേണ്ടി പാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നവരാണ് എല്ലാ മാതാപിതാക്കളും. നമ്മളും തിരികെ അവർക്ക് സ്നേഹം നൽകാൻ ശ്രമിക്കണം.

ഒരു സ്ഥലത്ത് ഒരു മാതാവും, മകനും ഉണ്ടായിരുന്നു. ആ സ്ഥലത്തെ നിയമം അനുസരിച്ച് 60 വയസ്സ് കഴിഞ്ഞാൽ മാതാപിതാക്കളെ വൃദ്ധസദനത്തിൽ കൊണ്ട് വിടണമായിരുന്നു. അങ്ങെന നിയമം അനുസരിച്ച് ഈ മകനും തന്റെ മാതാവിനെ വിടാൻ യാത്രയായി. ഒരു വനത്തിൽ കൂടെ യാത്രയായി ആ സമയം മാതാവ് തന്റെ കയ്യിൽ ഒരു അരിവാൾ സൂക്ഷിച്ചിരുന്നു. പോയവഴിക്ക് തങ്ങളുടെ യാത്രയ്ക്ക് തടസ്സമെന്ന് തോന്നിയ മരത്തിൻ ചില്ലകൾ മുറിച്ച് കളഞ്ഞാണ് പോയത്. മകൻ ചിന്തിച്ചു എന്തിനാണ് അമ്മ മരത്തിന്റെ ചില്ലകൾ മുറിച്ച് കളയുന്നത്. എന്നാൽ മകന് മനസ്സിലായില്ല എന്താണ് കാരണം എന്ന്. വൃദ്ധസദനത്തിൽ എത്തിയപ്പോൾ മകൻ അമ്മയോട് കാരണം അന്വേഷിച്ച് അമ്മ ഇപ്രകാരമാണ് ഉത്തരം പറഞ്ഞത് ‘മോനെ, നീ തിരികെ തനിയെ ആണ് പോകുന്നത് ഒരു കാരണവശാലും നിന്റെ യാത്ര തടസ്സമാകരുത്’. മകന്റെ കണ്ണ് നിറഞ്ഞു പോയി. മകന് മനസ്സിലായി എന്താണ് മാതൃസ്നേഹം എന്ന്.

നാം ഒന്ന് ഓർത്തുനോക്കൂ! ഇതേ അവസ്ഥ തന്നെയല്ലെ നമ്മുടെ യേശുക്രിസ്തുവും അനുഭവിച്ചതും, നമുക്ക് വേണ്ടി തന്റെ ജീവൻ തന്നതും. അതിനാൽ നാം മാതാപിതാക്കളെ, സ്നേഹിക്കുകയും, യേശുക്രിസ്തുവിനെ സ്നേഹിച്ച്, അനുസരിച്ച്, ദൈവവചനപ്രകാരം പ്രാർത്ഥിച്ചു ജീവിക്കുക.

Youth



ഷെറിൻ ഷേർളി സന്തോഷ്

**നമ്മുടെ നന്മയ്ക്ക് വേണ്ടി പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നവരാണ് എല്ലാ മാതാപിതാക്കളും. നമ്മളും തിരികെ അവർക്ക് സ്നേഹം നൽകാൻ ശ്രമിക്കണം.**

LANDWAY NEWS
EDITORIAL BOARD
CHIEF EDITOR:
Santhosh Pandalam
EDITOR:
Sherly Santhosh
ASSOCIATE EDITOR:
Shiju John Samuel
SUB EDITOR:
Joy Varghese Elanthoor
ADVISORY BOARD:
Godwin Y. D • Shibu Paippad
Mohan George • Biju Abraham
Finny Joseph • J. P. Vennikulam
Jacob Kottarakkara

REPORTERS:
UNITED KINGDOM
Sam Jiji Mangalathu
UNITED STATES OF AMERICA
Avinash Thankachan
AUSTRALIA
Aaron George Mathew
KINGDOM OF SAUDI ARABIA
JUBAIL
Shibu Paippad
RIYADH
Daniel Eppachan
UNITED ARAB EMIRATES
UAE Coordinator & Reporter
Duglas Joseph
AJMAN
Anil Babu
SHARJAH
Das P. Vilakudy
DUBAI
Siby George
RAS AL KHAIMAH
Biji Philip
UMM AL QUWAIN
Abraham Thomas
QATAR
Biju Iverkala
BAHRAIN
Bose B Varghese
BULGARIA
Ronald Regie
KERALA
Shibu George
KARNATAKA
Paul C. Joseph
DELHI
C. John
MUSCUT
Sam George, Kottarakkara

Address:
LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India
Phone: +91-9447440441,
Email: landwaynews@gmail.com,
www.facebook.com/landwaynewspaper
www.landwaynews.com

Yearly Subscription
INDIA: Rs. 100
USA: Dollars - 30
UK: Pounds - 15
Gulf: Rs. 1500

Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

വരിസംഖ്യ?
ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ വരിസംഖ്യയും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതെങ്കിലും ദയവായി അയച്ചാലും!
LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India

Bank Details
LANDWAY NEWS
A/c. No. 038605300004236
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

Every good gift and every perfect gift is from above, coming down from the Father of lights
GRACE Visual media
Since : 1988
09447255475, 09447370979



Wedding Photography & Video Graphy
Direction: HEBRON DAVID (sabu)
Grace Visual Media, Shoranur
www.gracevisualmedia.com
E-mail: gracevisual@gmail.com
Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc....,
Advertising, Fashion Photography, Cinimatography, Video Album, Direction & Event plus...Tension free events...

# പരിശുദ്ധാത്മാവിന്റെ പ്രവർത്തികൾ മനസിലാക്കുക



ജെ. പി. വെണ്ണിക്കുളം

‘അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നുവെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവു തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും’ (ലൂക്കോസ് 11:3).

പരിശുദ്ധാത്മ നിയന്ത്രിതമായ ജീവിതം നയിക്കുന്നവർക്ക് ജീവിതത്തിൽ പരാജയപ്പെടേണ്ടി വരില്ല. കാരണം, അവരുടെ കാര്യസ്ഥനാണ് പരിശുദ്ധാത്മാവ്. കാര്യസ്ഥന്റെ ദൗത്യം മുഴുകർത്തൃത്വം നടത്തുക എന്നതാണല്ലോ. നിയന്ത്രണം മുഴുവൻ കാര്യസ്ഥൻ ഏറ്റെടുത്താൽ നമ്മുടെ വാക്കും പ്രവർത്തിയും എല്ലാം പരിശുദ്ധാത്മാവിന്റെ നിയോഗത്താൽ നിയന്ത്രിക്കപ്പെടും. നാം നമ്മുടേതായല്ല പരിശുദ്ധാത്മാവിന്റെ അധീശത്വത്തിൽ ആയിത്തീരുകയാണ് ചെയ്യുന്നത്. നമുക്ക് നമ്മുടേതായ വഴികളിൽ നടക്കാൻ കഴിയും. എന്നാൽ ദൈവോദ്ദേശപ്രകാരം ജീവിതം ക്രമപ്പെടണമെങ്കിൽ പരിശുദ്ധാത്മാവിന് വിധേയപ്പെട്ടേ മതിയാകൂ.

അപ്പൊ. 2:17 ൽ വായിക്കുന്നു ‘അന്ത്യകാലത്ത് ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും’. ഇന്നും പകർന്നു കൊണ്ടിരിക്കുകയാണ്. ആഗ്രഹിക്കുന്ന ആത്മാക്കളെ തൃപ്തിപ്പെടുത്തുവാൻ ദൈവം മതിയായവനാണ്. കാത്തിരിപ്പുയോഗങ്ങൾ കേരളക്കരയിൽ സർവ്വസാധാരണമായ കാലമുണ്ടായിരുന്നു. പരിശുദ്ധാത്മാവിനു വേണ്ടി വാഞ്ചയോടെ കാത്തിരിക്കുകയും അതു പ്രാപിക്കുകയും ചെയ്തതിലെ സന്തോഷം ഇന്നത്തെ മുതിർന്ന വിശ്വാസിഗണത്തിന് മറക്കുവാൻ കഴിയില്ല. എവിടെ ഒരു യോഗം ഉണ്ടെന്നു കേട്ടാലും ആത്മദാഹത്തോടെ അവിടെ ഓടിയെത്തും. വചനം അനുസരിച്ച് ജീവിക്കുവാനുള്ള അതിയായ ആഗ്രഹവും അതിനു പിന്നിൽ ഉണ്ടായിരുന്നു. എന്നാൽ തലമുറകൾ പലതു പിന്നിടുമ്പോൾ ആത്മദാഹം പോയിട്ട് പരിശുദ്ധാത്മാവ് തന്നെ വേണമെന്ന ആഗ്രഹമില്ലാതായിരിക്കുന്നു! കാത്തിരിക്കാനും സമയമില്ല, യോഗങ്ങളിൽ പോകാനും സമയമില്ല. തിരക്കുള്ള ജീവിതത്തിന്റെ ഉടമകളായി മാറിയപ്പോൾ പരിശുദ്ധാത്മാവിന് പ്രവർത്തിക്കു വാൻ അവസരം ഇല്ലാതായി. എന്നാൽ തുലോം ചുരുക്കമായെങ്കിലും ഇന്നും പരിശുദ്ധാത്മാവിന് വില കൊടുക്കുന്നവരെ ഓർത്തു ദൈവത്തെ സ്തുതിക്കുന്നു. കാത്തിരിപ്പു യോഗങ്ങളുടെ പ്രസക്തി ഇന്നും കുറഞ്ഞുപോയിട്ടില്ല. പരിശുദ്ധാത്മാവിനു വേണ്ടി കാത്തിരിക്കുന്ന ധാരാളം പേർ ഇന്നുമുണ്ട്. എന്തിനേറെ യുവജനങ്ങളൊക്കെ പരിശുദ്ധാത്മാവിൽ നിറഞ്ഞ് അന്യഭാഷയിൽ ആരാധിക്കുന്ന കാഴ്ച നമ്മുടെ ഹൃദയത്തിൽ സന്തോഷം നൽകുന്നുണ്ട്. പല കൂട്ടായ്മകളിലും പങ്കെടുക്കുവാൻ അവസരം ലഭിച്ചതു കൊണ്ടാണ് ഇത് പറയുന്നത്. നമ്മുടെ തലമുറകൾക്ക് ഉന്നതവിദ്യാഭ്യാസം നൽകി സമൂഹത്തിൽ ഉന്നതരാക്കി മാറ്റുവാൻ നാം ഉത്സാഹം കാണിക്കുന്നതുപോലെ തന്നെ പരിശുദ്ധാത്മപൂർണ്ണരാക്കി മാറ്റുന്നതിലും നാം ഉത്സാഹിക്കണം. പരിശുദ്ധാത്മാവില്ലാതെ ഇനി എന്തെല്ലാം അവർ നേടിയാലും ക്രിസ്തീയ ജീവിതം അനുഗ്രഹപൂർണ്ണമാകയില്ല. ഉന്നത വിദ്യാഭ്യാസം നല്ലതുതന്നെ, പണവും വേണം അതിനെക്കാൾ ഉപരി ആത്മികവിഷയങ്ങൾക്കും



**കാത്തിരിക്കാൻ മനസ്സുള്ളവർക്ക് പരിശുദ്ധാത്മാവിനെ അധികം നൽകുവാൻ കർത്താവ് ശക്തനാണ്. നമ്മുടെ കാലഘട്ടം പരിശുദ്ധാത്മാവിന്റെ യുഗമായി മാറട്ടെ.**

പരിശുദ്ധാത്മാവിനും ഒന്നാം സ്ഥാനം നൽകിയാൽ നാം വിജയിക്കും. ലജ്ജമൂടാതെയുള്ള ജീവിതം നയിക്കുവാനുള്ള കരുത്ത് അപ്പോൾ ലഭിക്കും. ദൈവത്തോടു ചോദിക്കാത്ത താമസമേയുള്ളൂ, ലഭിക്കുവോളം യാചിക്കുന്നവർക്കു വേണ്ടി പരിശുദ്ധാത്മാവിനെ അധികം പകരുവാൻ കർത്താവ് മതിയായവൻ.

‘യരുശലേം വിട്ടുപോകാതെ എന്നോടു കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കണം’ എന്നു പറഞ്ഞിട്ടാണ് യേശു സ്വർഗ്ഗത്തിലേക്ക് പോയത്. ഉയർത്തെഴുന്നേറ്റ യേശു 40 ദിവസം ഭൂമിയിൽ ഉണ്ടായിരുന്നു. പിന്നീടുള്ള 10 ദിവസം 120 പേർ അടങ്ങുന്ന സംഘം മറ്റു ചിന്തകൾ എല്ലാം മാറ്റിവച്ചിട്ട് പരിശുദ്ധാത്മാവിനെ പ്രാപിക്കാനായി കാത്തിരുന്നു. അൻപതാം ദിവസം പെന്തക്കോസ്ത് നാൾ വന്നപ്പോൾ, അവർ ഒന്നിച്ചു കൂടിയിരുന്ന മുറിയിലേക്ക് പരിശുദ്ധാത്മാവ് ഇറങ്ങി വന്നു. അവർ പരിശുദ്ധാത്മാവിനെ അന്യഭാഷാ അടയാളത്തിൽ പ്രാപിച്ചു.

പെന്തക്കോസ്തു നാൾവരെ പരിശുദ്ധാത്മാവിനു വേണ്ടി കാത്തിരുന്ന സംഘത്തിന് ഒരേയൊരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളു. ആ ലക്ഷ്യം അവർ നേടി. 49–ാം ദിവസം വരെ പ്രാപിക്കാതിരുന്നത് 50–ാം ദിവസം പ്രാപിച്ചു. (അപ്പൊ. 2:11) ‘അവർ ദൈവത്തിന്റെ വൻകാര്യങ്ങളെ പ്രസ്താവിക്കുന്നു’ എന്നു മറ്റുള്ളവർ പറയുംവിധം ജീവിതം മാറ്റിമറിയ്ക്കപ്പെട്ടു. ഇതാണ് പരിശുദ്ധാത്മാവിന്റെ പ്രവർത്തി. വിലകൊടുത്തു വാങ്ങാൻ കഴിയുമായിരുന്നു എങ്കിൽ ഈ ലോകത്തിൽ എത്രയോ ശതകോടീശ്വരന്മാർ അതു വാങ്ങുമായിരുന്നു. അങ്ങനെ വാങ്ങുന്നതിൽ കാര്യമില്ല. ഈ ലോകത്തിൽ വാങ്ങുന്നതെല്ലാം നശ്വരമാണ്, അല്പകാലത്തെ ഉപയോഗത്തിനു ശേഷം നശിക്കുന്നതാണ്. എന്നാൽ നമ്മുടെ നിത്യതയെ ഉറപ്പിക്കുന്ന ജീവിതം നയിക്കുവാൻ പരിശുദ്ധാത്മാവ് സഹായിക്കുമെന്നതിനാൽ നാം അതിനെ തള്ളിക്കളയരുത്. ഈ ലോകത്തിൽ മറ്റൊന്നും നേടിയില്ലെങ്കിൽപോലും പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനുണ്ടെങ്കിൽ നാം ധന്യരായി. ഇങ്ങനെയുള്ളൊരു ആത്മീയ കാഴ്ചപ്പാടിലേക്കു നാം എത്തിപ്പെടണം. നമ്മുടെ തലമുറകളെയും അതിനായി ഒരുക്കണം. കാത്തിരിക്കാൻ മനസ്സുള്ളവർക്ക് പരിശുദ്ധാത്മാവിനെ അധികം നൽകുവാൻ കർത്താവ് ശക്തനാണ്. നമ്മുടെ കാലഘട്ടം പരിശുദ്ധാത്മാവിന്റെ യുഗമായി മാറട്ടെ.

# എൻ പ്രിയ രക്ഷകൻ നീതിയിൻ സൂര്യനായ് തേജസ്സിൽ വെളിപ്പെടുമേ!

പരേതനായ മാമ്മൻ ഉപദേശിയിലൂടെ സുവിശേഷദൂത് ദേശത്ത് മുഴങ്ങിക്കേൾക്കുന്ന കാലം. വചനത്തിനായി ആർത്തിയോടെ എവിടെയും ഓടിയെത്തുന്ന ഫിലിപ്പോസ് പ്രസംഗപീഠത്തിന് അടുത്തു തന്നെ സ്ഥാനം പിടിച്ചു. പ്രസംഗ മദ്ധ്യേ വീണുകിട്ടിയ അവസരത്തിൽ പലരും തങ്ങളുടെ സാക്ഷ്യം പറയുവാൻ തുടങ്ങി. തന്നെ മാത്രം ഇമവെട്ടാതെ നോക്കിയിരിക്കുന്ന കറുത്ത നിറമുള്ള ചെറുപ്പക്കാരനോട് പകുതി ഹാസ്യഭാവത്തോടെ മാമ്മൻ ഉപദേശി ചോദിച്ചു: ‘എടാ ഇവിടെ എത്യോപ്യാക്കാരനെപ്പോലെ ഒരു കറുത്ത മനുഷ്യൻ ഇരിക്കുന്നു. നിനക്ക് സാക്ഷ്യം പറയുവാൻ വല്ലതുമുണ്ടോ?’ എത്യോപ്യക്കാരന് തന്റെ കറുപ്പും, പുള്ളിപ്പുലിക്ക് തന്റെ പുള്ളിയും മാറ്റാനൊക്കുമോ? എന്നും കൂട്ടിച്ചേർത്തു പറഞ്ഞത് ഫിലിപ്പോസ് ഉപദേശിയെ വല്ലാതെ നൊമ്പരപ്പെടുത്തി. മൗനമായി ചിന്തിച്ചു. വചനത്തിൽ നിന്നും ഒരു ഭാഗം ഓർമ്മവന്നു ‘അവൻ പ്രത്യക്ഷനാകുമ്പോൾ അവനെ താനിരിക്കുന്നതുപോലെ കാണുന്നതാകകൊണ്ട് അവനെപ്പോലെയാകും. എന്റെ നിറം മാറും,’ ചാടി എഴുന്നേറ്റ് പരിസരം മറന്ന് ആത്മാവിൽ പാടി...

‘നീതി സൂര്യൻ വരുമ്പോൾ
തൻ പ്രഭയിൻ കാന്തി യാലെൻ
ഇരുൾ നിറം മാറീടുമേ രാജരാജ പ്രതിമയെ ധരിപ്പിച്ചിട്ടെന്നെ
തൻ കൂടവെ ഇരുത്തുന്ന രാജാവ് വേഗം വരും....’

മാമ്മൻ ഉപദേശി അദ്ദേഹത്തെ ആലിംഗനം ചെയ്ത് ക്ഷമ ചോദിച്ചു കൊണ്ട് പറഞ്ഞു. ‘നിന്റെ നിറംകണ്ടുകൊണ്ട് ഞാൻ പറഞ്ഞതാണ്. നിന്റെ നിറം മാറും ശോഭയുള്ള പട്ടണത്തിൽ ശ്രേഷ്ഠമായ വീട്ടിൽ നാം പോകും...’ ഈ വാക്കുകൾ ഗാനത്തിന്റെ ശേഷിച്ച വരികളായി ഫിലിപ്പോസ് ഉപദേശി എഴുതിച്ചേർത്തു. ‘എൻ പ്രിയ രക്ഷകൻ നീതിയിൻ സൂര്യനായ്

**വേട്ടമല ഫിലിപ്പോസ് ഉപദേശി**




തേജസ്സിൽ വെളിപ്പെടുമേ!’

കർത്താവിന്റെ മടങ്ങിവരവിനെയും നീതിയുള്ള ഭരണത്തെയും പ്രത്യാശയോടെ കാത്തിരിക്കുന്ന അദ്ദേഹം കലാപം നിറഞ്ഞ അന്നത്തെ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ പാടിയ പാട്ടാണ്. ‘ഈ ലോകത്തെ ഭരിച്ചിടുവാൻ ശാലേമിൻ രാജാധി രാജൻ വരും...’ എന്നുള്ളത് വീണ്ടും വരുന്ന കർത്താവിനെ ധ്യാനിച്ച് പ്രഭാതയാമത്തിൽ ‘പ്രിയനെ കാണ്മതിനായ് കാത്തിരുന്നെന്റെ കൺകൾ മങ്ങിടുന്നേ, കാഹളനാദം ഞാൻ കേട്ടീടുവാൻ കാതുകൊതിക്കുന്നേ എന്റെ പ്രിയാ...’ എന്ന പാട്ട് പാടിക്കൊണ്ടിരിക്കുമ്പോൾ ആകാശത്ത് ഒരു ഇരമ്പൽ കേട്ടു – ആ ശബ്ദം വർദ്ധിച്ചു വർദ്ധിച്ചു വരുന്നു. കർത്താവിന്റെ വരവിലെ ഗംഭീരനാദമെന്ന് തെറ്റിദ്ധരിച്ച് താൻ ആവേശത്തോടെ ഉയർന്ന ഒരു കുന്നിൻമുകളിലേക്ക് ഓടിക്കയറി. അവിടെ നിന്ന് ഹല്ലേലുയ്യായും, സ്തോത്രവും ഉറക്കെ പറയാൻ തുടങ്ങി. പക്ഷേ താഴ്ന്നു പറന്ന വിമാനത്തിന്റെ ഇരമ്പലായിരുന്നു അത് എന്ന് ഗ്രഹിച്ച് താൻ മടങ്ങി ഭവനത്തിലേക്കു വന്നു. ആഗ്രഹം സാധിപ്പിച്ചില്ലല്ലോ എന്നോർത്ത് അദ്ദേഹം പാടി.

‘ഗബ്രീയേലെ മീഖായേലെ
എന്റെ പ്രിയൻ എപ്പോൾ
വരും...’

നമുക്ക് ഹാസ്യമായി തോന്നാമെങ്കിലും കർത്തൃസവിധേ എത്താനുള്ള അദ്ദേഹത്തിന്റെ ആഗ്രഹം ശക്തമായിരുന്നു.

‘അൻപുള്ള രക്ഷകനെ
എന്നെ വീണ്ടെടുത്തെൻ പ്രിയനെ....’

‘കർത്താവിൻ ഭക്തന്മാർ
വാഗ്ദത്ത നാടതിൽ എത്തീടുവാൻ...’

മുതലായ നിരവധി ഗാനങ്ങൾക്ക് ജന്മം നൽകിയ ഫിലിപ്പോസ് ഉപദേശി, നീതിസൂര്യന്റെ മുഖം കണ്ട് ആനന്ദിപ്പാനും, ജീവകിരീടവും ധരിച്ച് പ്രിയനോടു കൂടെ തേജസണിഞ്ഞ് വെളിപ്പെടു വാനുമായി 1985 സെപ്റ്റംബർ 25–ാം തീയതി 85 വർഷത്തെ ജീവിതാനുഭവങ്ങളുടെ ഒടുവിൽ ഇരുൾ നിറത്തോടെ തന്നെ ഇവിടെ നിന്നും യാത്രയായി.

# പെന്തക്കോസ്തൽ അസംബ്ലി മസ്ക്കറ്റിന്റെ പതിനേഴാമത് വാർഷിക സമ്മേളനം സമാപിച്ചു

മസ്ക്കറ്റ്: ഗൾഫിലെ ഏറ്റവും വലിയ പെന്തക്കോസ്ത് പ്രസ്ഥാനമായ, പെന്തക്കോസ്തൽ അസംബ്ലി മസ്ക്കറ്റിന്റെ പതിനേഴാമത് വാർഷിക സമ്മേളനം 2015 സെപ്റ്റംബർ 26 ശനി, 27 ഞായർ ദിവസങ്ങളിൽ തലസ്ഥാന നഗരിയായ മസ്ക്കറ്റ്, ഗാലാ, ബോഷ് ഹാളിൽവച്ച് നടത്തപ്പെട്ടു. സഭാ ശുശ്രൂഷകൻ പാസ്റ്റർ കുര്യൻ മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ ആയിരിക്കുന്ന സഭയുടെ 14 ബ്രാഞ്ച് ചർച്ചുകളിൽ നിന്നും അനേകം വിശ്വാസികൾ പങ്കെടുത്തു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കൂടാതെ ഇന്ത്യയിൽ നിന്നും അതിഥികളായി വന്ന ദൈവദാസന്മാർ വചനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ഗാനശുശ്രൂഷ, ആരാധന, സഹോദരി സമാജം, യുവജനങ്ങൾക്കും, കുഞ്ഞുങ്ങൾക്കുമായി പ്രത്യേക സെഷനുകൾ എന്നിവയും ക്രമീകരിച്ചു. ഈ സമ്മേളനത്തിന്റെ വിപുലമായ ക്രമീകരണം സഭാ സെക്രട്ടറി ബ്രദർ ജേൺസൺ സി.ജി.യുടെ നേതൃത്വത്തിലുള്ള കൗൺസിലിന്റെ ഉത്തരവാദിത്വത്തിൽ നടന്നു.

# ഹൃദയാഘാതം മൂലം മരണമടഞ്ഞു

യു. എ. ഇ. വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാശിദ് അൽ മക്തൂമിന്റെ മൂത്തമകൻ ശൈഖ് റാശിദ് ബിൻ മുഹമ്മദ് ബിൻ റാശിദ് അൽ മക്തൂം (34) അന്തരിച്ചു. കഴിഞ്ഞ ശനിയാഴ്ച രാവിലെ ഹൃദയാഘാതം മൂലമാണ് വിയോഗം. കുതിരയോട്ട കമ്പക്കാരനും സഅബീൽ കുതിരാലയത്തിന്റെ മേധാവിയുമായിരുന്നു. ശൈഖ് റാശിദ് ബിൻ മുഹമ്മദ് ബിൻ മക്തൂമിന്റെ വിയോ ഗത്തിൽ ദുബായിൽ മൂന്നു ദിവസത്തെ ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചു. എമിറേറ്റിൽ പതാക താഴ്ത്തിക്കെട്ടുമെന്ന് ദുബൈ റൂളേർസ് കോർട്ട് അറിയിച്ചു. ഉമ്മു ഹുറൈർ ഖബർസ്ഥാനിൽ ഖബറടക്കും. ശൈഖ് റാശിദിന്റെ



വിയോഗത്തിൽ യു.എ.ഇ പ്രസിഡന്റ് ശൈഖ് ഖലീഫ ബിൻ സായിദ് അൽ നഹ്‌യാൻ അനുശോചനം അറിയിച്ചു.

# പാസ്റ്റർ കെ.ജെ.ശാമുവേൽ കർത്തൃസന്നിധിയിൽ

സൗത്ത് പാമ്പാടി: ഐ.പി.സി. പൊൻകുന്നം സെന്റർ പാസ്റ്റർ റവ. കെ. ജെ. ശാമുവേൽ (65) നിത്യതയിൽ പ്രവേശിച്ചു. ഐ.പി.സി.കോട്ടയം സോണൽ വൈസ് പ്രസിഡന്റ്, ഏലീം ബിബ്ലിക്കൽ ട്രെയിനിംഗ് സെന്റർ ഡയറക്ടർ, കങ്ങഴ ഏബനേസർ സഭാശുശ്രൂഷകൻ എന്നീ നിലകളിൽ പ്രവർത്തിച്ചുവരികയായിരുന്നു. സംസ്കാരശുശ്രൂഷ 18ന് വെള്ളിയാഴ്ച ഐ.പി.സി. മാമ്മൂട് മാന്നില സെമിത്തേരിയിൽ നടന്നു. കുമ്പനാട് കടപ്ര വലിയപറമ്പിൽ കുടുംബാംഗവും



സെന്റർ സോദരീസമാജം പ്രസിഡന്റുമായ തങ്കമ്മ ശാമുവേലാണ് സഹധർമ്മിണി. സെന്റർ മുൻ പി.വൈ.പി.എ. സെക്രട്ടറി ജോഷി ജോസഫ് സാം മകനാണ്.

## ശാരോൺ സഭയുടെ സമുന്നത നേതാവ് ഡോ. റ്റി. ജി. കോശിയുമായുള്ള മുഖാമുഖം



# ഇടയനേതൃത്വത്തിന്റെ അസാധാരണ മാതൃക

തയ്യാറാക്കിയത്:
സന്തോഷ് പന്തളം
ഷിജു ജോൺ സാമുവേൽ

### ബാല്യവും ജീവിതസാഹചര്യങ്ങളും

പത്തനംതിട്ട ജില്ലയിൽ ഏനാത്ത് റ്റി.ജി.ജോർജ്ജ് അന്നമ്മ ദമ്പതികളുടെ 7 മക്കളിൽ ഇളയ വനായി ജനിച്ചു. തന്റെ പിതാവും മാതാവും സുവിശേഷ സ്നേഹികളും ആത്മീയ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നവരുമായിരുന്നു. സി എസ് ഐ സഭയുടെ സുവിശേഷകനായി തന്റെ പിതാവും പ്രവർ ത്തിച്ചിരുന്നതിനാൽ പള്ളിയുടെ പാഴ്സനേജിലായിരുന്നു ജീവിതത്തിന്റെ തുടക്കം. തന്റെ ജനനം കഴിഞ്ഞ് നാൽപ്പതാമത്തെ ദിവസം മാതാവ് ഈ ലോകത്തിൽ നിന്നും യാത്രയായി.

തന്റെ പിതാവ് വീണ്ടും ചില നാളുകൾ കഴിഞ്ഞിട്ട് മറ്റൊരു വിവാഹത്തിലേക്ക് തിരിയുകയും ചെയ്തു. കുറച്ചു നാൾ കഴിഞ്ഞപ്പോൾ താൻ തന്റെ മുത്തശന്റെയും മുത്തശിയുടെയും കൂടെയാണ് വളർന്നുവന്നത്. ഈ സമയത്ത് മണക്കാല സി.എം.എസ്. എൽ.പി.സ്കൂളിൽ പഠനം ആരംഭിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം മേതകുംമേൽ സെന്റ് പോൾസിലും പൂർത്തീകരിച്ചു.

### കർത്താവിനെ രക്ഷകനായി സ്വീകരിക്കുന്നു

മദ്ധ്യതിരുവിതാംകൂറിലെ ഉണർവ് പ്രസംഗകനായിരുന്ന സാധുകൊച്ചുകുഞ്ഞു ഉപദേശി സീയോൻ കുന്നിൽ വച്ച് കൺവൻഷനിൽ പ്രസംഗിക്കുന്നുവെന്ന് അറിഞ്ഞ് ആ യോഗത്തിൽ താൻ കടന്നുപോയി സംബന്ധിച്ചു. സുവിശേഷ പ്രസംഗം നടന്നുകൊണ്ടിരുന്നപ്പോൾ ക്രിസ്തുയേശുവിനെക്കുറിച്ചുള്ള യഥാർത്ഥ ദർശനം തനിക്ക് ലഭിക്കുകയും അവസാനം കരഞ്ഞുകൊണ്ട് കർത്താവായ യേശുക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിക്കുകയും ചെയ്തു. ആ ദൈവസ്നേഹം ഇന്നും തനിക്ക് മറക്കാൻ പറ്റാത്ത ഓർമ്മകളിൽ ഒന്നാണ്. തന്റെ പതിന്നാലാമത്തെ വയസ്സിൽ യേശുക്രിസ്തുവിനെ കണ്ടുമുട്ടുവാൻ ദൈവം ഭാഗ്യം നൽകിയതിൽ താൻ വളരെ സന്തോഷവാനാണ്.

### സ്കൂളിൽ പ്രാർത്ഥന ആരംഭിക്കുന്നു

രക്ഷിക്കപ്പെട്ടതിന്റെ പിറ്റേദിവസം താൻ പഠിക്കുന്ന സ്കൂളിൽ ഒരു പ്രാർത്ഥനായോഗം ആരംഭിച്ചു. ധാരാളം വിദ്യാർത്ഥികൾ ആ യോഗങ്ങളിൽ കടന്നുവരികയും ദൈവവചനം ശ്രദ്ധിക്കുകയും ചെയ്യുമായിരുന്നു. മിക്കവാറും സമയങ്ങളിലും ദൈവവചനം പ്രസംഗിക്കുന്നത് താനായിരുന്നു. ഈ കൂട്ടായ്മ അനേകം പേർക്കു ആശ്വാസകരമായിരുന്നു എന്ന് പിന്നത്തേതിൽ അറിയുവാൻ ഇടയായിട്ടുണ്ട്.

### ജോലി സംബന്ധമായ ചില ശ്രമങ്ങൾ

എല്ലാത്തിലും താൻ ഒന്നാമനായതിനാൽ തന്നെക്കുറിച്ച് തന്റെ അമ്മച്ചിയും അപ്പച്ചനും സന്തോ ഷത്തിലായിരുന്നു. പക്ഷേ അവസാനം പരീക്ഷയുടെ ഫലം വന്നപ്പോൾ തന്റെ പരാജയമാണ് അവർ ക്കറിയാൻ കഴിഞ്ഞത്. എന്തായാലും ഇനി നാട്ടിൽ നിന്നിട്ട് കാര്യമില്ലായെന്ന ചിന്തയിൽ ജോലി നേടുവാനായി ബോംബെയിലേക്ക് പോകാൻ ശ്രമിച്ചു. അതും പകുതിവഴിയിൽ വച്ച് പരാജയപ്പെട്ടു. ഇനി എങ്ങനെ മുമ്പോട്ട് പോകുമെന്നറിയാതെ ചില ബിസിനസ്സുകളിൽ ഏർപ്പെട്ടു. അതിന്റെയും ഫലം നേരെ തിരിച്ചായിരുന്നു.

### സുവിശേഷ പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നു

ഒരു സാഹചര്യത്തിൽ ആലപ്പുഴ വച്ച് പാസ്റ്റർ വി. ജി. ജോൺ എന്ന വ്യക്തിയെ പരിചയപ്പെട്ടു. അദ്ദേഹവുമായി തന്റെ കാര്യങ്ങൾ സംസാരിച്ചു. ഇത് തന്റെ ജീവിതത്തിൽ വഴിത്തിരിവിലേക്ക് നയിച്ചു. 1958 മെയ് 14-ാം തീയതി കർത്താവിനെ ജലത്തിൽ സാക്ഷീകരിച്ചു. ഈ വർഷം നവംബറിൽ പരിശുദ്ധാ ത്മാവിന്റെ അഭിഷേകം പ്രാപിക്കുകയും ചെയ്തു. ഇത്രയൊക്കെ ആയപ്പോൾ തന്റെ പിതാവ് വിവര ങ്ങൾ അറിഞ്ഞു. ഒരു ദിവസം പിതാവ് തന്നെ വീട്ടിൽ നിന്നും ഇറക്കിവിട്ടു.

### ശാരോൺ ഫെലോഷിപ്പിന്റെ പ്രവർത്തനത്തിൽ ചേരുന്നു

കുടുംബത്തിൽ നിന്നും ഇറക്കിവിട്ടപ്പോൾ ഇനി എന്ത് എന്ന ചിന്തയിൽ മനമുരുകി പ്രാർത്ഥി ച്ചുകൊണ്ടിരുന്നപ്പോൾ ഒരു ദൈവദൂതനെപ്പോലെ പാസ്റ്റർ പി.ജെ. തോമസുമായി കണ്ടുമുട്ടുവാൻ ദൈവം ഭാഗ്യം നൽകി. അങ്ങനെ അദ്ദേഹവുമായി ചേർന്ന് ഷാരോൺ ഫെലോഷിപ്പിന്റെ പ്രവർത്തന ത്തിൽ പങ്കാളിയായി തുടങ്ങി. അനേക സ്ഥലങ്ങളിൽ സുവിശേഷ സംബന്ധമായി കടന്നുപോകുകയും ദൈവവചനം പ്രസംഗിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഈ സമയത്ത് കർത്താവിന്റെ വേല പൂർണ്ണ സമയം ചെയ്യാൻ പറ്റിയതിൽ അതീവസന്തോഷത്തിലായിരുന്നു.

### ദൈവവചനം പഠിക്കുവാൻ കടന്നുപോകുന്നു

താൻ സുവിശേഷ പ്രവർത്തനത്തിൽ പങ്കാളിയാണ് എങ്കിലും ദൈവവചനം ക്രമാതീതമായി പഠിക്കുവാൻ കഴിയാത്തതിൽ വളരെ ദുഃഖമുണ്ടായിരുന്നു. എങ്കിലും അതിനുള്ള സാവകാശത്തിനായി താൻ പ്രാർത്ഥിക്കുകയും ദൈവഹിതത്തിനായി കാത്തിരിക്കുകയും ചെയ്തിരുന്നു. ഈ സമയം 1963-ൽ അമേരിക്കയിലെ 'ഗാർലന്റ് ബാപ്റ്റിസ്റ്റ് ബൈബിൾ കോളേജിൽ' വചനം പഠിക്കുവാനുള്ള ഒരവസരം ദൈവം ഒരുക്കി. അവിടെ കടന്നുപോയി പഠനം പൂർത്തീകരിച്ച് 1966-ൽ ഇന്ത്യയിൽ തിരിച്ചെത്തി.

### വിവാഹിതനാകുന്നു കർത്താവിനായി സഭയും സ്ഥാപിക്കുന്നു

1967 മെയ് 28-ന് പരുമലയിൽ പുല്ല്പ്ലാവിൽ ഔസേഫ് ശോശാമ്മ ദമ്പതികളുടെ മകൾ പൊന്നമ്മ എന്നു വിളിക്കുന്ന മറിയാമ്മയെ വിവാഹം കഴിച്ചു. ഈ സമയം മണക്കാലായിൽ ഒരു കൺവൻഷൻ നടത്തുകയും നാൽപ്പതോളം പേർ കർത്താവിന്റെ നാമത്തിൽ സ്നാനപ്പെടുവാനും സഹായിച്ചു. ആദ്യത്തെ 7 പേരെക്കൂട്ടി ആരാധനയുടെ തുടക്കം കുറിച്ചു. ദേശത്തിന്റെ നെടുകയും കുറുകെയും താനും ഭാര്യയും സുവിശേഷത്തിന്റെ പങ്കാളികളായി കൊണ്ടിരുന്നു.

### മണക്കാലായിൽ ഫെയ്ത്ത് ചാപ്പലിന്റെ തുടക്കം

1970ൽ ഫെയ്ത്ത് ചാപ്പൽ ആൻഡ് ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ വേദപാഠശാല ആരംഭിച്ചു. വളരെ ചെറിയ തുടക്കമായിരുന്നുവെങ്കിലും അത് ക്രമേണ വളർന്ന് പന്തലിച്ച് ഇന്ത്യയിലെ പെന്തക്കോസ്തു സമൂഹത്തിന്റെ മാന്യത കാത്തുസൂക്ഷിക്കുന്ന അഭിമാനമായ ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി എന്ന നാമകരണത്തിലേക്ക് ഉയർന്നു. അനേകം എതിർപ്പുകൾ അഭിമുഖീകരിക്കേ ണ്ടിവന്നിട്ടുണ്ട് എങ്കിലും അതിലൊന്നും തളർന്നു പോകുവാൻ ദൈവം ഇടവരുത്തിയില്ല. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ ഈ സ്ഥാപനത്തിൽ പഠിച്ച വിദ്യാർത്ഥികൾ കർത്താവിന്റെ വേലചെയ്തുവരുന്നു.

### മണക്കാലായിൽ എതിർപ്പുകൾ ഉടലെടുക്കുന്നു

1971-ൽ മണക്കാലായിൽ ഒരു കൂട്ടം സുവിശേഷവിരോധികൾ തങ്ങൾക്കെതിരായി കടന്നു വന്നു. താൻ ഉൾപ്പെടെയുള്ള ദൈവദാസന്മാരെ അതിക്രൂരമായി മർദ്ദിക്കുകയും പ്രവർത്തനത്തിന് എതിർനിൽക്കുകയും ചെയ്തു. ഈ സമയത്ത് മണക്കാലായുടെ പ്രദേശങ്ങളിൽ അതിശക്തമായ ആത്മീക മുന്നേറ്റം നടന്നുകൊണ്ടിരുന്നു. സഭയെ പീഡിപ്പിക്കാൻ തുടങ്ങിയപ്പോൾ ദൈവജനം മുട്ടിന്മേൽ നിൽക്കുവാൻ തുടങ്ങി. അങ്ങനെ ആത്മീയ അന്തരീക്ഷത്തിന്റെ അലകൾ ദേശത്ത് എങ്ങും പടർന്നു പന്തലിച്ചു.

### തന്റെ ഭാര്യ ലോകത്തിൽ നിന്നും മാറ്റപ്പെടുന്നു

സഭാപ്രവർത്തനങ്ങൾ അതിശക്തമായി വളർന്നു കൊണ്ടിരിക്കുമ്പോൾ 1983-ൽ തന്റെ ഭാര്യ ഈ ലോകത്തിൽ നിന്നും മാറ്റപ്പെട്ടു. പറക്കമുറ്റാത്ത പിഞ്ചുകുഞ്ഞുങ്ങളെയും തന്നെയും നിരാശരാക്കിക്കൊണ്ട് അതിദാരുണമായ സംഭവം മുഖാമുഖമായി കടന്നുവന്നു. ഈ സംഭവം തന്റെ മനസ്സിനെ ഒരു പരിധിക്കപ്പുറം പിടിച്ചുകുലുക്കിക്കൊണ്ടിരുന്നു. ഈ സമയം ഒന്നിനോടും തനിക്ക് പൊരുത്തപ്പെടുവാൻ കഴിയാതെ നിരാശനായി മാറിയെങ്കിലും സർവ്വശക്തനായ ദൈവം ഹൃദയത്തിൽ ഓരോ നിമിഷവും ബലം നൽകിക്കൊണ്ടിരുന്നു. ചില നാളുകൾക്കു ശേഷം വീണ്ടും പൂർവ്വാധികം നന്മയിലേക്ക് തിരിച്ചുവന്നു.

> “മണിക്കൂറുകൾ ദൈവവചനത്തിനും പ്രാർത്ഥനയ്ക്കുമായി ദിവസവും ചെലവഴിക്കാറുണ്ട്. ദൈവവുമായി നിരന്തരം സമ്പർക്കം പുലർത്തുന്നതിനാൽ ദൈവത്തിന്റെ പാതയിൽ തന്നെ പോകു വാൻ കഴിയുന്നു. ദൈവത്തോടു ചോദിക്കാതെ ഒരു തീരുമാനവും എടുക്കാറില്ല. എല്ലാം ദൈവനാമ മഹത്വത്തിനും ദൈവഹിതത്തിനുമായി ഏൽപ്പിച്ചുകൊടുക്കാറുണ്ട്. അതാണ് എന്റെ ആത്മീയ ജീവിതത്തിന്റെ വിജയ രഹസ്യം.”

### പുനർവിവാഹത്തിലേക്ക് തിരിയുന്നു

പ്രായവും പക്വതയുമുള്ള അനേക ദൈവദാസന്മാരുടെ നിർദ്ദേശപ്രകാരം സുവിശേഷവേലക്ക് തക്കതായ തുണ ആവശ്യമാണ് എന്ന വാക്കിനാലും 1984 മെയ് 24ന് റാന്നി പുല്ലുമ്പള്ളിൽ പുത്തൻ വീട്ടിൽ എബ്രാഹം മറിയാമ്മ ദമ്പതികളുടെ മകൾ മോളി എന്നു വിളിക്കുന്ന ഏലിയാമ്മയെ വിവാഹം ചെയ്തു. ഈ സഹോദരി ശക്തമായ പ്രാർത്ഥനാജീവിതവും ദൈവവചനപരിജ്ഞാനവും ദൈവശാസ്ത്രജ്ഞാനവും ഉള്ള വ്യക്തിയായതിനാൽ തന്റെ സാന്നിദ്ധ്യം തുടർന്നുള്ള പ്രവർത്തനത്തിന് ഇന്നുവരെ വളരെ മുതൽ കൂട്ടായിക്കൊട്ടിരിക്കുന്നു എന്ന് പറയുന്നതിൽ അതിയായ സന്തോഷമുണ്ട്.

### സഹോദരിമാർക്കായി ബൈബിൾ കോളേജ് ആരംഭിക്കുന്നു

സഹോദരിമാർക്കായി ദൈവവചനം പഠിക്കുവാൻ ഫെയ്ത്ത് ട്രെയിനിംഗ് സെന്റർ ഫോർ വിമൻ എന്ന സ്ഥാപനം തുടങ്ങി. ഇതിന്റെ പൂർണ്ണ നേതൃത്വം ഏലിയാമ്മ വഹിക്കുകയും ചെയ്തു തുടങ്ങി. 1983-ൽ ബി.റ്റിഎച്ചിന് സെറാമ്പൂർ അംഗീകാരം ലഭിച്ചു. തുടർന്ന് 1997-ൽ ബിഡിയ്ക്കും 2004-ൽ എം.റ്റിഎച്ചിനും 2013-ൽ ഡോക്ട്രേറ്റിനും സെറാമ്പൂർ അംഗീകാരം ലഭിച്ചു. സഹോദരിമാരുടെ പ്രവർത്തനത്തിൽ ഏലിയാമ്മയും ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയുടെ നേതൃത്വ ചുമതലകളിൽ മറ്റ് അനുഗ്രഹീതമായ ദൈവദാസന്മാരും പ്രവർത്തിക്കുന്നു.

### ഷാരോൺ സഭകളുടെ ചുമതലകൾ

ഇന്ത്യയുടെ വിവിധ സ്ഥലങ്ങളിൽ 1000-ൽ അധികം ചെറുതും വലുതുമായ സഭകൾ ഉടലെടു ത്തിട്ടുണ്ട്. കൂടാതെ ഇന്ത്യക്ക് പുറത്ത് മിക്ക രാജ്യങ്ങളിലും ഷാരോൺ സഭയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ





ഷിജു ജോൺ സാമുവേൽ
ഡോ. റ്റി. ജി. കോശിയോടൊപ്പം



സന്തോഷ് പന്തളം
ഡോ. റ്റി. ജി. കോശിയോടൊപ്പം

പ്രവർത്തനങ്ങളെ സന്ദർശിക്കുവാനും വേണ്ടതായ നിർദ്ദേശങ്ങൾ നൽകുവാനു മായി താൻ പലപ്പോഴും യാത്ര ചെയ്യാറുണ്ട്. നല്ലപ്രവർത്തകരായ ദൈവദാസന്മാരെ ദൈവം നൽകി തന്നതിനാൽ ദൈവത്തിന് നന്ദിയും പറയുന്നതായി തന്റെ വാക്കുകളിൽ മനസ്സിലാക്കാൻ കഴിയുന്നു.

### ചില മാന്യതകൾ പ്രാപിച്ചുവരുന്നു

ആത്മീയ നേതൃത്വത്തിൽ വളരെ നാളുകളുടെ പ്രവർത്തനത്തെ വിലയിരുത്തി പല ക്രിസ്തീയ സംഘടനകളും തന്നെ ബഹുമാനിച്ചിട്ടുണ്ട്. കൂടാതെ മാധ്യമങ്ങൾ എല്ലാ സംഘടനകളുടെയും ലീഡർ മാരെക്കുറിച്ചു പൊതുവായി ഒരു പഠനം ദീർഘനാളുകളായി തുടങ്ങുകയും അതിന്റെ അവസാനം ഡോ. റ്റി. ജി. കോശിയെ നല്ല ലീഡർ എന്ന പൊതു പേരിന് അർഹനായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ കഴിഞ്ഞ നാളുകളിലെ പ്രവർത്തനത്തിന് തന്റെ സേവനം പഠിച്ചു മനസ്സിലാക്കിയ സെറാമ്പൂർ യൂണിവേഴ്സിറ്റി തനിക്ക് ഹോണററി ഡോക്ടറേറ്റ് നൽകി കഴിഞ്ഞ കുറച്ച് നാളുമുമ്പ് പൊതുവിൽ മാനിച്ചു. പാസ്റ്റർ റ്റി. ജി. കോശി എന്നതിന് പകരം ഡോ. റ്റി. ജി. കോശി എന്ന നാമകരണ ത്തിലേക്ക് ദൈവം ഉയർത്തിയതിൽ തനിക്ക് അതിയായ സന്തോഷമുണ്ട്.

### മക്കളും അവരുടെ പ്രവർത്തനങ്ങളും

തനിക്ക് 4 മക്കളെ ദൈവം നൽകി. മൂന്ന് പുത്രിമാരെയും ഒരു പുത്രനെയും ദൈവം നൽകി മാനിച്ചു. തന്റെ നാലു മക്കളും വിവിധ സ്ഥലങ്ങളിൽ അവരവർക്ക് ദൈവം നൽകിയ കഴിവിന്റെ പര മാവധി കർത്താവിന്റെ വേല ചെയ്തു വരുന്നു. തന്റെ മക്കൾ തന്നെക്കാളും അധികമായി കർത്താവിന്റെ വയലിൽ പ്രവർത്തിക്കുമെന്ന പ്രതീക്ഷയിലാണ് താൻ എന്ന് വാക്കുകൊണ്ട് മനസ്സിലാക്കുവാൻ കഴിഞ്ഞു.

### പ്രാർത്ഥനാ ജീവിതവും വചനപഠനവും

മണിക്കൂറുകൾ ദൈവവചനത്തിനും പ്രാർത്ഥനയ്ക്കുമായി ദിവസവും ചെലവഴിക്കാറുണ്ട്. ദൈവവുമായി നിരന്തരം സമ്പർക്കം പുലർത്തുന്നതിനാൽ ദൈവത്തിന്റെ പാതയിൽ തന്നെ പോകു വാൻ കഴിയുന്നു. ദൈവത്തോടു ചോദിക്കാതെ ഒരു തീരുമാനവും എടുക്കാറില്ല. എല്ലാം ദൈവനാമ മഹത്വത്തിനും ദൈവഹിതത്തിനുമായി ഏൽപ്പിച്ചുകൊടുക്കാറുണ്ട്. അതാണ് എന്റെ ജീവിതരഹസ്യവും ജീവിത വിജയവുമെന്ന് പറയുന്നു.

### ഇന്നത്തെ വിശ്വാസികളോട് തനിക്ക് പറയാനുള്ളത്

ഇന്നത്തെ ഏറിയ പങ്ക് വിശ്വാസികളെന്ന് പറയുന്നവരും രക്ഷിക്കപ്പെട്ടവരല്ല. കാരണം ശരിയായ വീണ്ടും ജനനം ഉണ്ടായാൽ അത് അവരുടെ ജീവിതത്തിൽ കാണാൻ കഴിയും. അങ്ങനെയുള്ളവർക്ക് ദൈവത്തിന്റെ വചനത്തോടും സുവിശേഷ പ്രവർത്തനത്തോടും താൽപര്യം കാണും. എന്നാൽ ഇന്നുള്ള പലരിലും വെറും പ്രഹസനങ്ങൾ മാത്രമെ കാണുന്നുള്ളു. ഇന്നത്തെ തലമുറകളോടും വിശ്വാസികളോടും തന്റെ അഭിപ്രായം ശരിക്കും മാനസാന്തരത്തിലേക്ക് മടങ്ങി വരണം. കർത്താവിന്റെ വേലയിൽ പങ്കാളിയാകണം എന്നതത്രേ.

### ഡോ. റ്റി. ജി. കോശിയെക്കുറിച്ചുള്ള ഞങ്ങളുടെ കാഴ്ചപ്പാടുകൾ

ഞങ്ങൾ ചെന്നപ്പോൾ സ്നേഹത്തോടെ കൈകൊണ്ട് അതിഥി സൽക്കാരം മറന്നില്ല. തെരക്കുണ്ട് എന്ന് ഞങ്ങൾക്ക അറിയാമെങ്കിലും കഴിവതും ഞങ്ങളുമായി സഹകരിച്ചു. ഇനിയും വീഡിയോ റിക്കോർഡിംഗിൽ ദൈവം അനുവദിച്ചാൽ കാണാമെന്ന പ്രത്യാശയിൽ തൽക്കാലം ചില ഫോട്ടോകൾ എടുത്ത് പ്രാർത്ഥിച്ചു പിരിഞ്ഞു. ദൈവം ആയുസ്സും ആരോഗ്യവും ദൈവകൃപയും ഡോ.റ്റി.ജി.കോശിക്ക് നൽകട്ടെ എന്നും ഇനിയുള്ള തന്റെ പ്രവർത്തനങ്ങൾക്കു ദൈവം വീണ്ടും താങ്ങായിരിക്കട്ടെയെന്നും ലാന്റ്‌വേ ന്യൂസ്പേപ്പറിന്റെ പത്രാധിപർ ആശംസിക്കുന്നു.

## ഐ.പി.സി ഡൽഹി സ്റ്റേറ്റിന്റെ പ്രശ്നത്തിന് പരിഹാരം

ഡൽഹി റിപ്പോർട്ടർ

ഡൽഹി: ചില നാളുകളായി ഐ.പി.സി ഡൽഹി സ്റ്റേറ്റിന്റെ ഭരണ സംബന്ധമായ വിഷയങ്ങളെക്കുറിച്ചുള്ള തർക്കവാദങ്ങളെ നേരിട്ട് അറിയുവാൻ സെപ്റ്റംബർ 11–ാം തീയതി കുമ്പനാട്ട് ജനറൽ കൗൺസിൽ എക്സിക്യൂട്ടീവ് മുമ്പാകെ ഇരുഭാഗത്തു നിന്നും ചുമതലപ്പെട്ടവർ കൂടി വരികയും വിഷയങ്ങൾ ആരായുകയും ചെയ്തു. ദീർഘവർഷങ്ങളായി ഐ. പി. സി ഡൽഹി സ്റ്റേറ്റിന്റെ പ്രസിഡന്റായിരുന്ന് പാസ്റ്റർ കെ. ജോയി സ്ഥാനം ഒഴിഞ്ഞു. പുതിയതായി പ്രസിഡന്റ് സ്ഥാനത്തേക്ക് പാസ്റ്റർ സാമുവേൽ എം. തോമസിന് പൂർണ്ണ അധികാരം കൈമാറിക്കൊള്ളാമെന്നും തന്റെ യാതൊരു സ്വാധീനങ്ങളും ഇനി ഈ പ്രവർത്തനങ്ങളിൽ ഉണ്ടാകുകയില്ലെന്നും പൊതുവിൽ അറിയിച്ചു. ആരെങ്കിലും ദൈവവചനം പ്രസംഗിക്കാൻ പാസ്റ്റർ കെ. ജോയിയെ വിളിച്ചാൽ അത് ദൈവഹിതമനുസരിച്ച് കർത്താവിന്റെ വേലയോടുള്ള ബന്ധത്തിൽ ചെയ്യുക എന്നതല്ലാതെ മറ്റൊന്നും താൻ ആഗ്രഹിക്കുന്നില്ലായെന്നും പൊതുവിൽ അറിയിച്ചു.

കഴിഞ്ഞ ചില നാളുകളായി തർക്കങ്ങളും വാദങ്ങളും നടന്നുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഈ വിധമായ തീരുമാനം തുടർന്നുള്ള പ്രവർത്തനത്തിന് ആശ്വാസകരമാകുമെന്ന് വിശ്വസിക്കാം. ആവശ്യമില്ലാത്ത രീതിയിലുള്ള ഇടപെടലുകളൊ ഇനി തർക്കങ്ങളും വാദങ്ങളും ഉണ്ടാകാത്ത നിലയിൽ കാര്യങ്ങൾ അതാതിന്റെ ഗൗരവത്തിൽ ചിന്തിച്ച് തീരുമാനമെടുത്താൽ കുറച്ചുകൂടെ നല്ല രീതിയിൽ പ്രവർത്തനം മുമ്പോട്ട് പോകാൻ ഇടയാകുമെന്ന് ചുമതലപ്പെട്ടവർ പറയപ്പെടുന്നു. ഈ വിഷയത്തോടുള്ള ബന്ധത്തിൽ ശാശ്വത പരിഹാരം ലഭിച്ചുവെന്ന് പറയുമ്പോൾ തന്നെ എതിർകക്ഷികളായി പ്രവർത്തിച്ചവരെ ഏതെങ്കിലും വിഷയങ്ങളിൽ മാറ്റിനിർത്തുവാനോ പ്രകോപനം ഉണ്ടാകുന്ന രീതിയിലുള്ള ഇടപെടലുകളോ ഭാവിയിൽ ഉണ്ടാകാൻ പാടില്ലായെന്നും കുമ്പനാട്ട് ജനറൽ കൗൺസിൽ എക്സിക്യൂട്ടീവിന്റെ കർശന നിർദ്ദേശമുണ്ട്. നിയുക്ത പ്രസിഡന്റ് ഇരുപക്ഷക്കാരെയും ദൈവസ്നേഹത്തിൽ ഒന്നിച്ച് ക്രിസ്തുവിന്റെ വേലയിൽ കരങ്ങളോട് കരംപിടിച്ച് പ്രവർത്തിച്ചുകൊള്ളാമെന്നും വാക്ക് നൽകിയിട്ടുണ്ട്. ഈ വക തീരുമാനമെല്ലാം ഭാവി പ്രവർത്തനത്തിന് ആശ്വാസകരമാകുമെന്ന് ചിന്തിക്കാം.

AUTHOR AND FINISHER WORSHIP CENTRE, PUNALUR
ഒരുക്കുന്ന
ആരാധനയും
വിടുതൽ ശുശ്രൂഷയും
എല്ലാ ഞായറാഴ്ചയും വെള്ളിയാഴ്ചയും
രാവിലെ 10 മുതൽ 1 മണിവരെ
YMCA ഹാൾ, ചെമ്മന്തൂർ, പുനലൂർ



പാസ്റ്റർ ജോഷി വർഗ്ഗീസ്
ദൈവവചനം ശുശ്രൂഷിക്കുന്നു
ഏവർക്കും സ്വാഗതം
കൂടുതൽ വിവരങ്ങൾക്ക്
Prayer Line: 9605061422, Office No. 9744674066
www.authorandfinisherministries.org
എല്ലാ വെള്ളിയാഴ്ചകളിലും വൈകിട്ട് 4.00 ന്
പാസ്റ്റർ ജോഷി വർഗ്ഗീസ് പവർ വിഷൻ ചാനലിൽ പ്രസംഗിക്കുന്നു.

It's never too late to learn...
Open the doors of creativity and passion
With over a decade of experience in preparing students for the London Trinity College exams, we now offer classes in western music including
Vocals, Piano, Guitar, Keyboard, Violin, Drums, Wind and Brass instruments
with additional courses in personality development and public speaking.



Our toddler music program for ages 2-4 teaches rhythm and singing through live music
Opera, Music & Arts School, Sharjah Central Post Office
R/A, Burj Damas Tower, Floor No.20,
Tel: 06-5636468, 056-8420469
operamusicsarts@gmail.com; www.operamusicarts.com

Serving People Since 2006



MIRACLE NURSES BUREAU
(REGD)
Provides Nurses for Private Duties at Home, Hospitals, Nursing Home, Male Attendents and Nursing Aids (AYAS) at very reasonable rates,
Special in Taking care of New born babies and old age people. Physiotherapist is also available.



Contact: Mrs. Sosamma Chandy
9873952097, 9654110121
Email: schandydelhi@gmail.com

## തെരുവുനായ പെൺകുട്ടിയുടെ ചെവി കടിച്ചുമുറിച്ചു

കോഴിക്കോട്: തെരുവുനായയുടെ ആക്രമണത്തിൽ 10 വയസ്സുകാരിയുടെ ഇടതുചെവി നഷ്ടമായി. മൂഴിക്കൽ ആനക്കയം വെളിച്ചത്തുകണ്ടിയിൽ താമസിക്കുന്ന മുഹമ്മദ് ഹനീഫയുടെ മകൾ സജ്നയെയാണ് ഞായറാഴ്ച വൈകുന്നേരം ആറരയോടെ തെരുവുനായ വീടിനടുത്തുവെച്ച് ആക്രമിച്ചത്. അയൽവീട്ടിലേക്ക് പാൽ കൊണ്ടുപോവുകയായിരുന്നു പെൺകുട്ടി. നിർമ്മാണം നടക്കുന്ന വീടിനകത്തു നിന്ന് ഇറങ്ങിവന്ന നായ പൊടുന്നനെ ആക്രമിക്കുകയായിരുന്നു. ചെവിയുടെ മുക്കാൽ ഭാഗവും നായ കടിച്ചെടുത്തു. മെഡി.കോളജ് ആശുപത്രിയിൽ എത്തിച്ച് മുറിവ് തുന്നിക്കെട്ടിയെങ്കിലും നഷ്ടപ്പെട്ട ചെവി പിന്നീട് പ്ലാസ്റ്റിക് സർജറിയിലൂടെ വെച്ചു പിടിപ്പിക്കേണ്ടിവരുമെന്ന് ഡോക്ടർമാർ നിർദ്ദേശിച്ചു. ജെ. ഡി. ടി ഇസ്ലാം സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിനിയാണ് സജ്ന. നിർധന കുടുംബത്തിലെ അംഗമാണ്. മെഡി.കോളേജിൽ തുടർചികിത്സ ലഭ്യമല്ലെന്നറിയിച്ചതിനാൽ സ്വകാര്യ ആശുപത്രിയെ ആശ്രയിക്കുകയാണ് പിതാവ് മുഹമ്മദ് ഹനീഫ. ഒരു ലക്ഷത്തോളം രൂപ ചെലവു വരുമെന്നാണ് ഡോക്ടർമാർ അറിയിച്ചത്. കൂലിപ്പണിക്കാരനായ പിതാവ് മകളെ ചികിത്സിക്കാനുള്ള നെട്ടോട്ടത്തിലാണ്. പെൺകുട്ടിയെ ആക്രമിച്ച നായ പ്രദേശത്ത് മറ്റു മൂന്നുപേരെ കൂടി കടിച്ച് പരിക്കേൽപിച്ചു.



# GIANTS AND GRASSHOPPERS!



James Koshy George

In religion, faith is the belief in God, gods or doctrines of religion. Informal usage of faith can be quite broad, including trust or belief without proof, also faith is often used as a substitute for hope. Faith is trusting God. It is living in a relationship with God that is motivated and sustained by ones conviction that God does keep His word. So Christianity is not a religion of rules and rituals but rather a life of personal faith in God and a daily walk of surrender and trust in union with Jesus. But modern Christians are lacking their faith in God. They also started to run after the theory of the world. We need to think why we lack our faith in God, which our forefathers had. Are we walking by faith? What is that influence which distracts us from having the faith in God? I would like to convey certain views from the story of 12 men who went to spy out the Land of Canaan.

## 1. Reports on human perspective

Moses sends men to observe the land of Canaan and bring back a report to the nation. So they went and spied out the land, as these spies toured the land, they saw some of the people and produce of the land. This spectacular produce included clusters of grapes so big, they had to be carried between two men on a pole. They seemed to sense they were more on a mission from Israel than on a mission from God; their report was according to a human perspective, not according to God's perspective. Their unbelieving response was a potent combination of truth, lies and exaggeration.

1. It was true from a human perspective that "they are stronger than we" – but to say "we are not able to go up against the people" was a lie.
2. It was true that they had gone through the land, but to say "a land that devours its inhabitants" was a lie.
3. "All the men whom we saw in it are men of great stature or giants and we were like grasshoppers" were all terrible exaggerations, plain and simple lies. Faith does not deny the reality of difficulty; it declares the power of God in the face of the problem.

Among the 12 spies the two only was having the confidence in God, and having the exact faith. Rest of the ten was scared by seeing the size and figure of the people. The faith of Caleb is in contrast to the lack of faith of the other ten leaders. In the next passage we see a younger Joshua in action, which seems fearless. Joshua the son Nun, and Caleb the son of Jephunneh, said, the land is an exceeding good land, if the lord delight in us, then he will bring us into this land and will give it us. So at the time of troubles and struggles in our day to day Christian life, we need to have faith like Caleb and Joshua. Let our reports be in Gods perspective!

## 2. Spies of faith and faithless spies!

Here is the minority report. Caleb spoke up with this report but the other men refuted him. Only Joshua agreed with Caleb. So there we have the whole picture. There report was accurate as to the facts. But there were two different opinions in the interpretation of those facts. The minority report was "let's go in and take the land". We are well able to do it. The majority report was "we can't do it". The people believed the majority report .They didn't believe they could take the land because they lacked faith in God. An outstanding example of Jehovah's warrior was Caleb. He earned his greatest fame as a spy who had confidence in the power of his God, but the ten were frightened. Only Caleb and Joshua gave an evaluation prompted by the faith in the Almighty. Caleb never doubted the verity of the promise of Yahweh. He believed with all his heart and soul that Israel would inherit the land which God had promised them. He might have remembered the scripture that says "I am the lord, I change not". An optimist sees an opportunity in every calamity but a pessimist finds a calamity in every opportunity. That is what happened with the ten spies who returned to the camp of Israel with their faith shattered, bearing a message of utter and hopeless despair. Our faith requires action, as the body without the Spirit is dead, faith without work is dead also. The ten explorers whose report caused Israel to grumble against Moses Leadership and these ten were stuck down and died of a plague. Only Caleb and Joshua survived. The principle was later expressed "The just shall live by faith … if any man drawback, my soul shall have no pleasure in him" (Heb 10:38) The genuine faith which characterized Caleb's life remains a signal light, shining for the encouragement of all lovers of God forever. Just we need to think in which category we are in the House of Faith! Are we spies of faith or faithless spies?

**Let me ask, which is your giant that degenerate your faith in God? Many so – called giants like Anaks can make threats in your Christian life. Don't give up your capabilities of Faith which God had put inside you by seeing the figure and size of your enemy.**

## 3. Defaming God's delivering abilities.

The Anakims which means "the long – necked men" were the most dreaded inhabitants of Canaan. But Anaks descendants were conquered and displaced by Caleb, one of the spies whom Moses had sent to spy out the land of Canaan. We know few men who explore Palestine reported that the land were generally of tall stature and besides, saw the giants, the sons of Anaks and we were in our own sights as grass hoppers. Let me ask, which is your giant that degenerate your faith in God? Many so – called giants like Anaks can make threats in your Christian life. Don't give up your capabilities of Faith which God had put inside you by seeing the figure and size of your enemy. Think our God is the creator of Giants. We have the power to swallow those giants. Here in the case of Canaan, giants are not the problem to enter in the Promised Land, but saints, some Israelites (faithless saints) are the problem. Many "saints" are there in our present Christian community pointing the giants and destroying our faith in God. Never heed such saints those who are exaggerating the power of enemy; flee away from such hypocrites lest we miss God's promises in our life.

Disheartening reports spread by their companions had made a great tumult at the camp of Israel, the people were filled with dismay; and night fell upon a weeping camp. They were murmuring against Moses and Aaron. Disaffection spread rapidly and they planned to take another leader and return to Egypt. Panic fell on the host, because doubt of Jehovah and His purpose overcame the partial faith which had as yet been maintained with no small difficulty. The 10 spies looked at the impossible circumstances rather increase their faith in Gods promises. Unbelief sees "walled cities and giants" rather than the presence and power of God. Beware when you are afraid and when you lost your faith in God, difficulties and problem are magnified. They were giants, but the men thought they looked bigger because these men were afraid. What an interesting contrast they give us here. Giants and grasshoppers! So sad to say that they forget about their God and was defaming His abilities. Fear doubts the supremacy of the divine arrangement; it questions the wisdom and love of the Lord. Never defame our God's omnipotence with our deprived faith.

## ഭക്ഷണ സാധനങ്ങൾ എത്രകാലം ഫ്രിഡ്ജിൽ സൂക്ഷിക്കാം

എല്ലാ ഭക്ഷണവും ഫ്രിഡ്ജിൽ വെക്കുന്നത് നല്ലതാണോ? ചിക്കൻ വാങ്ങിയാൽ കുറേനാൾ ഫ്രിഡ്ജിൽ വച്ച് ചൂടാക്കി കഴിക്കലാണ് മിക്കവരുടെയും പതിവ്. ഓരോ ഭക്ഷണത്തിനും ഫ്രിഡ്ജിൽ സൂക്ഷിക്കാവുന്ന കാലാവധിയുണ്ട്.

പാചകത്തിനുള്ള സാധനങ്ങൾ, പാകം ചെയ്ത ഭക്ഷണങ്ങളുമൊക്കെ കേടുകൂടാതെ സൂക്ഷിക്കാൻ എല്ലാവരും ഇന്ന് ഫ്രിഡ്ജിനെ ആശ്രയിക്കുന്നു. എന്നാൽ വേണ്ടവിധം ശ്രദ്ധിച്ചില്ലെങ്കിൽ നിശ്ചിത സമയം കഴിഞ്ഞാൽ ഫ്രിഡ്ജ് ഭക്ഷണത്തെ കേടാക്കുമെന്ന് തീർച്ചയാണ്. അതിനാൽ ഓരോ ആഹാരപദാർത്ഥങ്ങളും എത്രനാൾ വരെ എത്രസമയം വരെ സൂക്ഷിക്കാം എന്ന് ഓരോരുത്തരും മനസ്സിലാക്കിയിരിക്കണം. പഴങ്ങളും പച്ചക്കറികളും വയ്ക്കുന്ന പോലെയല്ല ഭക്ഷണം വയ്ക്കുന്നത്.

താഴെ പറയുന്നവ ശ്രദ്ധിക്കുക:

**ബീഫ്:** രണ്ട് മുതൽ നാല് ദിവസം വരെ പരമാവധി ഫ്രിഡ്ജിൽ വെയ്ക്കാം. ഇതിനപ്പുറം ഉപയോഗിച്ചാൽ വിഷമായിരിക്കും നിങ്ങൾ കഴിക്കുക.

**പോർക്ക്:** ബീഫിനെ പോലെ തന്നെ പന്നിയിറച്ചിയും രണ്ടോ, മൂന്നോ ദിവസം വരെ മാത്രമേ വെയ്ക്കാൻ പാടുള്ളൂ. ഇതുപോലെ തന്നെയാണ് മട്ടനും.

**ചിക്കൻ:** ചിക്കൻ മിക്കവരും ഫ്രിഡ്ജിൽ വെച്ച് കുറേക്കാലം ഉപയോഗിക്കുന്നത് കാണാം. എന്നാൽ മൂന്ന് ദിവസം വരെയേ ചിക്കൻ ഫ്രിഡ്ജിൽ വച്ച് ഉപയോഗിക്കാൻ പാടുള്ളൂ.

**മീൻ:** മത്സ്യങ്ങൾ മൂന്നോ നാലോ ദിവസം വരെ ഫ്രിഡ്ജിൽ സൂക്ഷിക്കാം.

**ഞണ്ട്:** ഞണ്ട്, കക്ക പോലുള്ള തോടുള്ള മത്സ്യങ്ങൾ പന്ത്രണ്ട് മണിക്കൂറോ ഒരു ദിവസമോ മാത്രമേ വയ്ക്കാൻ സാധിക്കുകയുള്ളൂ. അതിനുശേഷം ഇത് ഫ്രിഡ്ജിനോട് അടുപ്പിക്കാനേ പാടില്ല.

**വേവിച്ച ചെമ്മീൻ:** വേവിച്ച ചെമ്മീൻ, ഞണ്ട് എന്നിവ രണ്ട് ദിവസം വരെ വയ്ക്കാം.

**സാലഡ്:** വീട്ടിൽ നിന്ന് സാലഡ് ഉണ്ടാക്കി ഫ്രിഡ്ജിൽ വെച്ച് കുറേശ്ശെയായി കൂട്ടുന്നവരുണ്ട്. എന്നാൽ ഇത് നാല് ദിവസത്തിൽ കൂടുതൽ വയ്ക്കരുത്.

**സൂപ്പ്:** സൂപ്പ് ഉണ്ടാക്കി ഫ്രിഡ്ജിൽ വെച്ചാൽ രണ്ട് മൂന്നു ദിവസം ഉപയോഗിക്കാം.

**മുട്ട:** മൂന്നോ, നാലോ ആഴ്ച വരെ സൂക്ഷിക്കാവുന്നതാണ്. എന്നാൽ മുട്ട പൊട്ടിച്ചത് രണ്ട് ദിവസം മാത്രമേ വയ്ക്കാൻ പാടുള്ളൂ. പുഴുങ്ങിയ മുട്ട ഒരാഴ്ച വരെ സൂക്ഷിക്കാം.

**പാൽ:** തിളപ്പിച്ചാറ്റിയ പാൽ മൂന്നു ദിവസം വരെ വയ്ക്കാം.

**പച്ചക്കറികൾ:** ബീൻസ് – 3 ദിവസം, ക്യാരറ്റ്/ ചീര – രണ്ടാഴ്ച

**ഫ്രിഡ്ജിൽ വയ്ക്കാൻ പാടില്ലാത്തത്**

ഉള്ളി, തണ്ണിമത്തൻ, വെളുത്തുള്ളി, ഉരുളക്കിഴങ്ങ് എന്നിവ ഒരിക്കലും ഫ്രിഡ്ജിൽ സൂക്ഷിക്കാ മെന്ന് കരുതരുത്. തേൻ, തക്കാളി, പഴം, മാങ്ങ എന്നിവയും ഒരു കാരണവശാലും ഫ്രിഡ്ജിൽ സൂക്ഷിക്കാൻ പാടില്ല. കാപ്പിപ്പൊടി, പ്ളം, ആപ്രിക്കോട്ട് എന്നിവയും ഫ്രിഡ്ജിൽ വയ്ക്കേണ്ട സാധനങ്ങൾ അല്ല.

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിച്ചാൽ ശരീരത്തിൽ വരാൻ സാദ്ധ്യതയുള്ള പല രോഗങ്ങൾക്കും പരിഹാരം കാണുവാൻ കഴിയും. നമ്മുടെ ശരീരം നമ്മുടെ ജീവിതം ഇതാകട്ടെ വരും കാലത്തെ സമൂഹത്തിന് കൈമാറാനുള്ള നന്മ.


**വൈവാഹികം**

ബോംബെയിൽ സ്ഥിരതാമസമായ പെന്തെക്കോസ്ത് കുടുംബത്തിലെ 4 അടി 9 ഇഞ്ച് ഉയരം, MSc, IT., വിദ്യാഭ്യാസയോഗ്യതയുള്ള ടാറ്റായിൽ ജോലിചെയ്യുന്ന 28 വയസ്സുള്ള യുവാവിന് അനുയോജ്യമായ വിവാഹ ആലോചനകൾ യുവതികളുടെ രക്ഷിതാക്കളിൽനിന്നും ക്ഷണിച്ചുകൊള്ളുന്നു.
ഫോൺ: 09271093767, 07507257034; Email: landwayhelpline@gmail.com

**Matrimonial**

Pentecostal NRI parents invited proposal for their God fearing daughter MBBS 26/152 Cm, Medium colour working in reputed Christian hospital in Kerala from born again, baptized, ministry minded referenced Doctor/CA/M Teh. You may kindly respond with photo and details.
Phone: 00973 39237672. E-mail: salijose2010@hotmail.com

# ഒരു ബക്കറ്റിന്റെ ആത്മകഥ



സന്തോഷ് ജോസഫ്



യാത്ര തുടങ്ങിയിട്ട് ഒത്തിരിനേരമായി. വഴിയുടെ ദൂരവും പകലിന്റെ ദൈർഘ്യവും ഞാനറിഞ്ഞില്ല. വളരെ വേഗതയിൽ ഞങ്ങൾ സഞ്ചരിച്ചുകൊണ്ടിരുന്നു.

ലോറിയുടെ അടച്ചുപൂട്ടിയ ക്യാബിനുള്ളിൽ ഞാൻ ഞെരിഞ്ഞമർന്നിരുന്നു. എന്നെപ്പോലുള്ള ഒരുപാട് പേർ സഹയാത്രക്കാരായുണ്ട്. നിറത്തിലും വലിപ്പത്തിലും പൊക്കത്തിലും വ്യത്യസ്തർ. എന്റെ നിറം നീല. കൈയും കാലും കണ്ണുമില്ലാത്ത ഞങ്ങളിൽ ജീവന്റെ സ്പർശവും, ആത്മാവിന്റെ അംശവും ഇല്ലായിരുന്നു. ചിന്നിച്ചിതറിയ ചിന്തകളിൽ നിന്നും എന്നെ ഉണർത്തിയത് പട്ടണത്തിലെ കോലാഹലങ്ങളായിരുന്നു.

വേഗത കുറഞ്ഞ ലോറി വലിയൊരു കടയുടെ മുമ്പിൽ പാർക്ക് ചെയ്തു. ഡ്രൈവറും, സെയിൽസ്മാനും കുറെപ്പേരെ അവിടെ ഇറക്കിയതിനു ശേഷം യാത്ര തുടർന്നു. അടുത്തടുത്ത പട്ടണങ്ങളിൽ വണ്ടി നിർത്തി പല കടകളിൽ എന്റെ സഹോദരങ്ങളെ ഇറക്കിവച്ചു. വേഗതയുടെ ധിക്കാരത്തെ മുഖത്തടിച്ച് ഡ്രൈവർ പെട്ടെന്ന് ബ്രേക്കിട്ടപ്പോൾ പിടിച്ചു നില്പാൻ കഴിയാതെ ഞങ്ങളിലൊരാൾ പ്ളാറ്റ്ഫോമിലേക്ക് മറിഞ്ഞു വീണു. കിലോമീറ്റർ സൂചി വീണ്ടും എൺപതിലേക്ക് ഉയർന്നപ്പോൾ പിടുത്തം കിട്ടാതെ അവൻ പ്ളാറ്റ്ഫോമിൽ അങ്ങോട്ടുമിങ്ങോട്ടും കിടന്നുരുണ്ടു. സൈഡുകളിൽ ഇടിച്ചിടിച്ച് വക്കുകൾ പൊട്ടാൻ തുടങ്ങി. കഷണങ്ങളായി അടർന്നു ചിതറിയ അവന്റെ അവസ്ഥ കണ്ടിട്ട് ഞാൻ ദൈവമെ എന്ന് അറിയാതെ വിളിച്ചുപോയി.

അവശേഷിച്ച ഞങ്ങളെ ഏതോ ഒരു പട്ടണത്തിലെ കടയിൽ ഇറക്കിവച്ചു. അവിടെ വിൽപ്പനയ്ക്കായി പ്രദർശിപ്പിച്ചു.

ഉപഭോക്താക്കളുടെ ഇഷ്ടമനുസരിച്ച് മറ്റു പലരേയും വാങ്ങികൊണ്ടുപോയി. ചിലരൊക്കെ എന്നെ എടുത്തു തിരിച്ചും മറിച്ചും നോക്കിയെങ്കിലും കുറെ നാൾകൂടി ഞാനവിടെയിരുന്നു.

അങ്ങനെ ഒന്നിച്ചു വന്നവരൊക്കെ പോയപ്പോൾ അവരൊരുമിച്ച് സമ്മാനിച്ച ഏകാന്തതയുടെ മടിയിൽ ഇരിക്കുമ്പോൾ മീശയും ദീക്ഷയുമില്ലാത്ത താണതരം തുണിയിൽ തുന്നിയ കറുത്ത പാന്റ്സും വെള്ള ഷർട്ടുമിട്ട് വലതുകൈയിൽ കറുത്ത പുസ്തകവുമായി വന്ന ഒരാൾ എന്നെ വിലപേശാതെ വാങ്ങി. അദ്ദേഹത്തിന്റെ മുഖത്ത് ദൈവീക ചൈതന്യം നിറഞ്ഞിരുന്നതായി എനിക്ക് തോന്നി. ആരുടെയോ സ്വന്തമായി മാറുന്നു എന്നതിന്റെ സൂചകമായി ഒരു ചിരിക്കൊടി അപ്പോൾ മനസ്സിൽ ഞാൻ കുത്തിയുയർത്തി.

ബസ്സ്റൂട്ടിൽ നിന്നും ഇടതു തിരിഞ്ഞ് മൺവഴിയിലൂടെ കുറേദൂരം ഓടിയ ശേഷം ഓട്ടോറിക്ഷ ഓലമേഞ്ഞ ഒരു ആരാധനാലയത്തിനടുത്തു നിന്നു. അതിനോട് ചേർന്നിരിക്കുന്ന ചാണകം മെഴുകിയ തറയുള്ള വീട്ടിലേക്കാണ് എന്നെ ആദ്യം കൊണ്ടുചെന്നുവെച്ചത്. ആ വീടും ഓലമേഞ്ഞതാണ്. വെട്ടുകല്ലുകൾക്കിടയിൽ ചള്ള കുഴച്ചു പണിത ഭിത്തികൾ. ആകെ ചെറിയ രണ്ടു മുറികൾ. അതിലൊന്ന് അടുക്കളയും. അവിടുന്ന് പുകയുയരുന്നുമുണ്ട്. തലേന്നു രാത്രി ഉപയോഗിച്ച മണ്ണെണ്ണ വിളക്കും വായിച്ച ബൈബിളും മുറിയുടെ മൂലയിലിരിക്കുന്നു. പാസ്റ്റർ, വിശ്വാസി, പ്രെയ്സ് ദ ലോർഡ്, പ്രാർഥന എന്നീ വാക്കുകൾ ആദ്യമായാണ് ഞാൻ കേൾക്കുന്നത്. അടുക്കളയിൽ നിന്നും പത്ത് പതിനഞ്ചടി അകലെയുള്ള പൊട്ടിപ്പൊളിഞ്ഞ കുളിമുറിയിലാണ് എനിക്കവസാനം ഇരിപ്പിടം ലഭിച്ചത്.

ചിലപ്പോൾ പാസ്റ്ററമ്മാമ്മ എന്നെ തുണി കഴുകുവാനുപയോഗിച്ചു. ഓലയിലൂടെ ഒഴുകിയെത്തുന്ന മഴവെള്ളത്തിനായി രാത്രികാലങ്ങളിൽ തനിച്ച് ഞാൻ മുറ്റത്തിരിക്കുമായിരുന്നു.

രണ്ട് പിള്ളേരുണ്ടവിടെ. മൂത്തവൾ ഫേബ. ഇളയവൻ ഫെബിൻ. അവരുടെ കൊഞ്ചലും വികൃതികളും കാണാൻ നല്ല രസമാണ്. കുസൃതിക്കുരുന്നുകളായ കൊച്ചുതരികിടകളാണ് രണ്ടും. നാലുമണിക്ക് സ്കൂളിൽ നിന്നുവന്ന് അടുക്കളവാതിൽക്കൽ കളിക്കുമ്പോൾ അവരുടെ വിനോദങ്ങൾ ഞാൻ ശ്രദ്ധിക്കാറുണ്ട്.

എനിക്കങ്ങനെയൊരു കുട്ടിക്കാലം ഇല്ലാതെപോയല്ലോ എന്നോർത്തു ഞാൻ ദുഃഖിച്ചു.

എന്നോട് യാതൊരു മയവുമില്ലാതെയാണ് ആ കുരുന്നുകൾ കൂട്ടുകൂടുന്നത്. ഫെബിൻ കുളിക്കാൻ വരുമ്പോൾ മഗ്ഗുകൊണ്ട് എനിക്കിട്ടടിച്ച് താളംകൊട്ടി പാടാറുണ്ട്.

ഒരു ദിവസം എന്റെ ഉള്ളിൽ ഫെബിൻ കുഞ്ഞിക്കാലുകൾ ചവിട്ടിക്കയറി നിന്ന്, കുഞ്ഞികൈകൾകൊട്ടി തുള്ളിചാടി പാട്ടുപാടിയപ്പോൾ എന്റെ ശരീരം മുഴുവനുമുലഞ്ഞ് ചങ്ക് പൊട്ടി പിളരുന്നതായി അനുഭവപ്പെട്ടു. പാസ്റ്ററമ്മാമ കണ്ടപ്പോൾ അവനെ വഴക്കു പറഞ്ഞു. അല്ലെങ്കിൽ ഞാൻ പൊട്ടിപ്പോയേനേ.

മറ്റൊരു ദിവസം ഫേബ വെള്ളം കോരി നിറയ്ക്കാനെന്നെ കൊണ്ടുപോയി. അവളുടെ ഇളം കൈകൾ കൊണ്ട് പൊക്കിയെടുക്കാൻ ഭാരമായിരുന്നതുകൊണ്ട് ഞാൻ വഴുതി താഴെവീണു. അന്നെന്റെ ചുവട് ഇളകി പോകേണ്ടതായിരുന്നു. ദൈവകൃപകൊണ്ടാണ് ഞാൻ രക്ഷപ്പെട്ടത്. അന്നേരം പാസ്റ്ററമ്മാമ്മ പറയാറുള്ളതുപോലെ ഞാൻ ദൈവത്തിനു സ്തോത്രം പറഞ്ഞു.

എന്തൊക്കെയായാലും ആ കുരുന്നുകളെ എനിക്ക് വലിയ ഇഷ്ടമാ. അവരുടെ പാട്ടും കൂത്തും കളിയും ചിരിയും സന്ധ്യയിൽ മാഞ്ഞുപോകുമ്പോൾ എന്റെ ഹൃദയം ആൾത്താമസമില്ലാത്തൊരു വീടുപോലെയാകുമായിരുന്നു.

അപ്രതീക്ഷിതമായി ബാത്ത്റൂമിലേക്ക് വന്ന പാസ്റ്ററുടെ മുഖത്തെ വികാരമാറ്റം ഞാൻ ശ്രദ്ധിച്ചു. മുഖം വാടിയിരിക്കുന്നു. ആരും കാണാതെ പാസ്റ്റർ പലപ്പോഴും കരയുന്ന സ്വകാര്യസ്ഥലമാണിത്. ഭിത്തിയോട് മുഖം ചേർത്തു പിടിച്ചു കരയാൻ തുടങ്ങിയ അദ്ദേഹത്തിന്റെ കണ്ണിൽ നിന്നും കണ്ണുനീർ പടപടാന്ന് പൊഴിഞ്ഞുവീഴാൻ തുടങ്ങി. എന്നിൽ നിറഞ്ഞു നിന്നിരുന്ന വെള്ളത്തിലേക്ക് വീണ കണ്ണീർ ഇളം ചൂടുള്ളതായിരുന്നു.

പ്രാർഥനയുടെയും വേദനയുടെയും ആ ലയലായനിക്ക് പ്രത്യാശയുടേയും അനുഗ്രഹത്തിന്റെയും രുചിയായിരുന്നു. വാവിട്ടു കരയാൻ തുടങ്ങിയ പാസ്റ്റർക്ക് എന്താണ് സംഭവിക്കുന്നതെന്ന് എനിക്കറിയത്തില്ലായിരുന്നു.

നിയന്ത്രിക്കാൻ കഴിയാതെ ഏങ്ങലടിച്ചു കരഞ്ഞുയരുന്ന ശബ്ദമടക്കാൻ അദ്ദേഹം ബദ്ധപ്പെട്ടു. അല്പനിമിഷങ്ങൾക്കകം പൊട്ടിപ്പൊളിഞ്ഞ തറയിൽ അദ്ദേഹം മുട്ടുകുത്തിയിരുന്നു.

'എന്റെ കഷ്ടപ്പാടുകളെ കാണേണമേ' എന്ന ഒറ്റവരി പ്രാർഥന മുറിഞ്ഞു ഗദ്ഗദങ്ങളായി മാറി.

ഗദ്ഗദങ്ങൾ മുറിഞ്ഞു നിശബ്ദതയായി മാറി.

അപ്പോൾ സ്വർഗ്ഗകവാടം തുറക്കുന്ന ശബ്ദം ഞാൻ കേട്ടു. ഏതോ വർണ്ണപ്രഭ ബാത്ത്റൂമിനുള്ളിൽ പരക്കുന്നതായി തോന്നി. രണ്ടു നിശബ്ദതകൾ മാത്രം സംസാരിക്കുന്നതു ഞാൻ കേട്ടു.

'അടരാതൊഴുകുന്ന നിന്റെ കണ്ണീർ ഞാൻ കണ്ടിരിക്കുന്നു. അടഞ്ഞു പോകുന്ന വാതിലുകളിൽ പിടഞ്ഞു വീഴും മുമ്പെ ഞാൻ നിന്നെ താങ്ങും.'

അത് ദൈവീക സ്വരമായിരുന്നു.

വിലപിക്കുവാൻ ഒരു കാലം, ചിരിക്കുവാൻ ഒരു കാലം എന്നു ശലോമോൻ പറഞ്ഞതുപോലെ വർഷങ്ങളുടെ ധൃതി പിടിച്ച നീണ്ട ഓട്ടത്തിനിടയിൽ കഷ്ടതയുടെ കാലം മാറി. കണ്ണീരിന്റെയും കാലം മാറി. അനുഗ്രഹത്തിന്റെ കാലം പാസ്റ്ററെ തേടിയെത്തി.

ഓലമേഞ്ഞ ആരാധനാലയത്തിന്റെ സ്ഥാനത്ത് ഒന്നിലധികം നിലകളുള്ള കെട്ടിടം ആരാധനയ്ക്കായി ഉയർന്നുവന്നു. പഴയ മൺഭിത്തികളുള്ള പാർസണേജിന്റെ സ്ഥാനത്ത് മാർബിൾത്തറയും മട്ടുപ്പാവുമുള്ള ഇരുനില വീട്.

ശിതീകരിച്ച 'മുറികൾക്കുള്ളിൽ' മുന്തിയ തടിയിനങ്ങളിൽ പണിതെടുത്ത ഫർണീച്ചറുകൾ. കാർപോർച്ചിൽ ഏറ്റവും പുതിയൊരു കാർ. ഉയർന്ന ഡൊണേഷനും ഫീസും കൊടുത്തു പഠിച്ച് ഫേബക്ക് നല്ല ജോലിയായി. ഫെബിനും നല്ല വിദ്യാഭ്യാസമുണ്ട്. സഭാരാധനയിൽ ഫെബിൻ കോർഗ്ഗിന്റെ കീബോർഡ് വായിക്കുമ്പോൾ എന്നെ മഗ്ഗുകൊണ്ടടിച്ചു പാടിയ കാലമൊക്കെ മറന്നുകാണും. പാസ്റ്ററുടെ സുവിശേഷ വിദേശ പര്യടനങ്ങൾ തകൃതിയായി നടക്കുന്നു. വീട്ടിൽ വേലക്കാരിയും വാഷിംഗ് മെഷീനുമായി.

ആണ്ടുകളുടെ അമിതവേഗത്തിൽ ഞാനെന്റെ നിറം മങ്ങിയതുപോലും അറിഞ്ഞില്ല. വക്കുകൾ അങ്ങിങ്ങായി പൊട്ടിപ്പോയി. ഇരുമ്പുകൊണ്ട് ഇരുവശത്തും ഘടിപ്പിച്ചിരുന്ന പിടി എന്നോ ഇളകി പോയിരുന്നു. എന്റെ അകത്തെയും പുറത്തെയും ചെളികഴുകി വൃത്തിയാക്കുവാൻ ആരുമില്ലാതെയായി. പുതുതായി പണിത വീടിന്റെ അകം കാണുവാൻ ഞാൻ വെറുതേ കൊതിച്ചു.

അപ്രതീക്ഷിതമായി വീട്ടിനുള്ളിലെ കുളിമുറിയിൽ ആരോ അറിയാതെ എന്നെ കൊണ്ടുചെന്നു വച്ചു. പഴയ കുളിമുറിയിലെ പൊട്ടിപൊളിഞ്ഞ അവസ്ഥ പെട്ടെന്നെന്റെ മനസ്സിൽ ഒഴുകിയെത്തി. അന്നത്തെ കഷ്ടതയുടെയും കണ്ണുനീരിന്റെയും ഫലമായി ദൈവം പാസ്റ്ററെ സമൃദ്ധിയായി അനുഗ്രഹിച്ചിരിക്കുന്നു. എനിക്കതിശയം വന്നു. പുതിയ ബാത്ത്റൂമിന് വിസ്തൃതി ഏറെയുണ്ട്. മുഴുവൻ ടൈൽസിന്റെ പ്രപഞ്ചം. മുകളിലായി ബാത്തിംഗ്ഷവർ. ആധുനിക രീതിയിലുള്ള മൂന്നാലു പൈപ്പുകളിൽ നിന്നും ചൂടും തണുപ്പും ഉള്ള വെള്ളം ഇഷ്ടാനുസരണം ഉപയോഗിക്കാം.

ആരോ ബാത്ത്റൂമിന്റെ വാതിൽ തുറന്നു. പാസ്റ്ററായിരുന്നു അത്. അദ്ദേഹത്തിന്റെ മുഖം ദേഷ്യംകൊണ്ടു ചുവന്നു.

'ആരാണ് ഈ അഴുക്കു ബക്കറ്റ് കുളിമുറിയിൽ കൊണ്ടുവന്നത്.'

അദ്ദേഹം അലറിക്കൊണ്ട് അടുക്കളവാതിലിലേക്ക് എന്നെ എടുത്തു കൊണ്ടുപോയി. ആ വീട്ടിൽ ഞാനൊരു അനാവശ്യ വസ്തുവാണെന്ന കാര്യം അപ്പോൾ ഞാനറിഞ്ഞു. അതെന്നെ ശ്വാസം മുട്ടിച്ചു. വന്യമൃഗം വായിൽ കടിച്ചുതൂക്കിയ ഒരിറ്റു ജീവനുള്ള ഒരിരയെപ്പോലെ ഞാൻ കിടന്നു വിറച്ചു. അതിനുള്ളിൽ അറിയാതെ കയറിയതിന് ക്ഷമ ചോദിക്കണമെന്നുണ്ടായിരുന്നു. അദ്ദേഹം അടുക്കളയുടെ വാതിൽക്കൽ നിന്നും താഴത്തെ കുപ്പയിലേക്ക് എന്നെ വലിച്ചെറിഞ്ഞു.

കുപ്പയിലേക്ക് വീഴുമ്പോൾ എന്റെ കണ്ണുകളിൽ ഇരുട്ട് കയറിയിരുന്നു.

ഏതോ കരിങ്കല്ലിൽ തട്ടി ഞാൻ പൊട്ടിച്ചിതറുമ്പോൾ അയ്യോ എന്നു വിളിക്കാൻ എനിക്കു ശ്വാസമില്ലായിരുന്നു.

## ബൈബിൾ ക്വിസ് – സെപ്റ്റംബർ 2015

**ക്വിസ് മാസ്റ്റർ: പാസ്റ്റർ പി.ഡി. ജോസഫ്, ഐ.പി.സി. ഹെബ്രോൻ ടൗൺ ചർച്ച്, പന്തളം**

**സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്നത്: ഒന്നാം സമ്മാനം ഐ.പി.സി. ഹെബ്രോൻ ചർച്ച്, പന്തളം, രണ്ടാം സമ്മാനം: പാസ്റ്റർ സി. ജോണും കുടുംബവും, ന്യൂഡൽഹി**

**യെശയ്യാവ് (അദ്ധ്യായം 1 മുതൽ 30 വരെ)**

1. വിട്ടൊഴിയേണ്ടത് ആരെ?
2. തീ പോലെ ജ്വലിക്കുന്നത് എന്ത്?
3. യെശയ്യാ പ്രവാചകന്റെ പിതാവിന്റെ പേര് എന്താണ്?
4. നുകം തകരുന്നത് എങ്ങനെ?
5. കല്ദയരുടെ പ്രശംസാലങ്കാരം എന്ത്?
6. മഹാഗർവി ആര്?
7. അണലി പുറപ്പെടുന്നത് എവിടെ നിന്നാണ്?
8. എന്തിനാണ് എണ്ണ പൂശേണ്ടത്?
9. കൃപ കാണിച്ചാലും നീതി പഠിക്കാത്തത് ആര്?
10. യഹോവയിൽ സന്തോഷം വർദ്ധിക്കുന്നത് ആർക്കാണ്?

- **ആഗസ്റ്റ് മാസത്തിലെ ശരിയുത്തരങ്ങൾ (സഭാപ്രസംഗി)**

1. ജ്ഞാനിക്ക് (2:14), 2. സുഖമായിരിക്കണം (7:14), 3. ബലമുള്ളത് (8:4), 4. ജീവിച്ചിരിക്കുന്നവരുടെ കൂട്ടത്തിലുള്ളവർക്ക് (9:4), 5. മതിൽ പൊളിക്കുന്നവനു (10:8), 6. മേഘങ്ങളെ നോക്കുന്നവൻ (11:4), 7. വെള്ളിച്ചരട് (12:6), 8. ജ്ഞാനം (9:16), 9. മുപ്പിരിച്ചരട് (4:12), 10. ഐശ്വര്യപ്രിയന് (5:10)

- **നറുക്കെടുപ്പിലൂടെ സമ്മാനം ലഭിച്ചത്:**

*ഒന്നാം സമ്മാനം* – Joel. V. Sabu, Maruthimoottil, Thinkalkarikkam P.O, Kulathupuzha, Kollam

*രണ്ടാം സമ്മാനം* – Beena Valsalam, Grace Villa, Near KSRTC, Parassala,Thiruvananthapuram

- **ശരി ഉത്തരം അയച്ചവർ**

George Varghese, Punalur, Binu Baby, Kayamkulam, Reeja Sunil, Nooranad, Vineetha.K, Pappanamcodu, Manju.R, Vithura, Baby Varghese, Bangalore, Namitha Sasi, Thrissur, Ravindran Nair, Thiruvarpuram, Beena Valsalam, Parassala, Zeenath Raffi, Mundukottakal, Esther Babu, Adoor, Siji Joseph, Piravanthoor, Elzabeth Bose, Bahrain, Joel. V. Sabu, Thinkalkarikkam.

**നിബന്ധനകൾ**

1. എല്ലാ മാസവും 25–ാം തീയതിയ്ക്കു മുമ്പ് ശരിയുത്തരം ലാൻഡ്‌വേ വിലാസത്തിലോ, ഈമെയിലിലോ, എസ്.എം.എസിലോ (9846440441) കിട്ടിയിരിക്കണം. 2. വിജയിയെ നുറുക്കെടുപ്പിലൂടെ കണ്ടുപിടിക്കും. 3. വിജയികളുടെ പേരും, സമ്മാനാർഹരുടെ പൂർണ്ണ വിലാസവും ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്. 4. ഏതു പ്രായക്കാർക്കും ക്വിസിൽ പങ്കെടുക്കാം. 5. മൽസരത്തെ സംബന്ധിച്ച അന്തിമതീരുമാനങ്ങൾ ക്വിസ് മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും. 6. വിജയികൾക്ക് പാരിതോഷികം നൽകുന്നതാണ്. ഏതു സമയത്തും ഈ പാരിതോഷികത്തിനു മാറ്റം വരാവുന്നതുമാണ്. 7. ഉത്തരം അയയ്ക്കുന്നവർ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പറും ലാൻഡ്‌വേ അഡ്രസിൽ അയച്ചിരിക്കണം. 8. റഫറൻസുൾപ്പെടെ ഉത്തരം മാത്രം എഴുതുക. 9. വിജയിയുടെ ഫോട്ടോ അയച്ചു തന്നാൽ പേരും വിലാസവും ഫോട്ടോയും പ്രസിദ്ധീകരിക്കുന്നതായിരിക്കും. 10. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനം നല്കുന്നതാണ്.

## പൊതുജന ശ്രദ്ധയ്ക്ക്

ആഹാര സംബന്ധമായ ഏതെങ്കിലും രീതിയിലുള്ള പരാതികളോ തർക്കങ്ങളോ നിങ്ങൾക്ക് ഉണ്ടെങ്കിൽ താഴെ കാണിച്ചിരിക്കുന്ന ഫോൺ നമ്പറിലോ തപാലിലോ പരാതി കൊടുക്കാവുന്നതാണ്. നിങ്ങളുടെ ന്യായമായ പരാതികൾക്ക് അടിയന്തിരമായി പരിഹാരവുമായി നിയമപാലകർ നിങ്ങളെ സന്ദർശിക്കുന്നതായിരിക്കും. പരാതികൾ നൽകുമ്പോൾ അത് പൂർണ്ണമായി അറിയാവുന്നതും സത്യസന്ധവുമായിരിക്കണം എന്നു മാത്രം. പരാതി അയയ്ക്കുന്ന പകർപ്പ്, തപാലിൽ അയച്ചതിന്റെ രസീത് ഇവകൾ കളയാതെ സൂക്ഷിക്കുവാനും മറക്കരുത്. മനുഷ്യന്റെ ജീവൻ വിലപിടിപ്പുള്ളതാണ്, നാം വളരെ ശ്രദ്ധിച്ചു കാര്യങ്ങൾ ചെയ്യുവാൻ ബാദ്ധ്യസ്ഥരാണ് എന്നു മറന്ന് പോകരുത്. തർക്കങ്ങളും വാദങ്ങളും മാറ്റിവച്ചിട്ട് നിയമപരമായ കാര്യങ്ങളിൽ ഇടപെടുവാൻ ഇന്ത്യൻ പൗരന് അവകാശമുണ്ട് എന്നു നാം മറന്നുപോകരുത്:

### വിലാസം

സംസ്ഥാന ഫുഡ് സേഫ്റ്റി കമ്മീഷണർ,
തൈക്കാട് പി.ഒ,
തിരുവനന്തപുരം
കേരള, ഇന്ത്യ

### ഫുഡ് സേഫ്റ്റി ജില്ലാ ഡെസിഗ്നേഷൻ ഓഫീസർമാർ

കോഴിക്കോട് - ഡി. ശിവകുമാർ : 9447891742
ഇടുക്കി - ഗംഗാഭായ്. ജി : 9447790164
വയനാട് - ആർ.എസ്.സതീഷ്കുമാർ : 04935 - 246970
ആലപ്പുഴ - ഡി. അഷ്റഫുദ്ദീൻ : 9447668643
പാലക്കാട് - ജോസഫ് ഷാജി ജോർജ്ജ് : 9447211166
പത്തനംതിട്ട - എൻ. രമേഷ് ബാബു : 9447956792
എറണാകുളം - കെ. അജിത് കുമാർ : 9447193041
തൃശൂർ - ബി. ജയചന്ദ്രൻ : 9446053987
കൊല്ലം - എ. കെ. മിനി : 9447556744
മലപ്പുറം - കെ. സുഗുണൻ : 9633486072
കണ്ണൂർ - വി. കെ. ശശീന്ദ്രൻ : 9446166341
തിരുവനന്തപുരം - സി. ഉഷാറാണി : 9446332757
കോട്ടയം - ഡേവിഡ് ജോൺ : 9447598637
കാസർഗോഡ് - എൻ. ഹലീൽ : 9446369563

### മൊബൈൽ വിജിലൻസ് സ്ക്വാഡുകൾ

എറണാകുളം - എ. മുഹമ്മദ് റാഫി : 9447206921
കോഴിക്കോട് - കെ. അജിത്ത് കുമാർ : 9447193041
തിരുവനന്തപുരം - സുദർശനൻ. എസ് : 9447890575
സംസ്ഥാന ഫുഡ് സേഫ്റ്റി കമ്മീഷണർ, തിരുവനന്തപുരം
ഫോൺ : 0471 - 2322833/2322844.
ഫാക്സ് : 0471 - 2322855.

# LANDWAY NEWS

Bringing You Closer to God
LANDWAY

10 OCTOBER 2015

Olive Thottathil, Thumpamon P.O.,
Pandalam, Pathanamthitta Dist,
Kerala State, India - 689502;
Phone: +91-9447440441,
Email: landwaynews@gmail.com

RNI-KERBIL/2015/62054
Published From Pathanamthitta
Volume No. 1, Issue No.9
Pages 8 | Price: Rs. 10/-
www.landwaynews.com







## ഒരു ടെമ്പോ ട്രാവലറിനായി സഹായിച്ചാലും



ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ പ്രവർത്തകർക്ക് തമിഴ് നാട്ടിലെ ഗ്രാമസുവിശേഷീകരണത്തിനും കർത്താവിന്റെ വേലയ്ക്കുമായി വിവിധ ഇടങ്ങളിൽ പ്രവർത്തനത്തിന് പോകുവാൻ ഒരു ടെമ്പോ ട്രാവലർ വളരെ അത്യാവശ്യമായ സാഹചര്യം വന്നിരിക്കുന്നു. പുതിയതിന് വലിയ വില വേണ്ടിവരും. എന്നാൽ നമുക്ക് വളരെ പഴക്കമില്ലാത്ത ഒരു ടെമ്പോ ട്രാവലർ 6 ലക്ഷം രൂപയ്ക്ക് ഒരു സ്ഥലത്ത് കിടപ്പുണ്ട് എന്ന് അറിയുന്നു. നമുക്ക് അത്രയും രൂപ കർത്താവിന്റെ നാമത്തോടുള്ള ബന്ധത്തിൽ ഉടനടി കണ്ടെത്തേണ്ടതായി വന്നിരിക്കുന്നു. താങ്കളുടെയും കുടുംബാംഗങ്ങളുടെയും സഭയുടെയും ഭാഗത്തുനിന്നും കഴിവുള്ള ഒരു സഹായം ഈ പ്രവർത്തനത്തിനായി എത്രയും വേഗം ചെയ്യണമേ.

**മറുപടി അറിയിക്കേണ്ട ഇ-മെയിൽ:**
landwaynews@gmail.com,
Phone: - +91 9447440441.

## Tempo Traveller needed

A vehicle is needed for the work of God in Tamil Nadu. Those who are able to financially help us herein are kindly requested to help us.

Our situation in Tamil Nadu Ministry necessitates a tempo traveller for Village Evangelism & work of God in various places .... Though it will cost a high amount to purchase a new vehicle, we have come to know that a vehicle which is not very old is available for Rupees Six hundred thousand. Please do a help on your behalf as well as on behalf of your family and church.... We very well know that you have very many obligations in other things. Still we appreciate your sacrificial cooperation in connection with the work of God. We are expecting & waiting for your earliest reply to this letter.

**Our email address:**
landwaynews@gmail.com,
Phone: - +91 9447440441

*Bank Details:* LANDWAY NEWS | A/c. No. 0386053000004236 | South Indian Bank | Thumpamon Branch
IFSC: SIBL0000386 | SWIFT CODE: SOININ55

## യുവജനസമ്മേളനം സമാപിച്ചു

**ചാക്കോ കെ. തോമസ്**

ബെംഗരുളു: ക്രൈസ്തവ യുവാക്കൾ സ്നേഹത്തിന്റെയും സഹിഷ്ണതയുടെയും നായകനായ യേശുക്രിസ്തുവിന്റെ മാതൃക പിന്തുടർന്ന് വാക്കിലും, നടപ്പിലും, സ്നേഹത്തിലും, നിർമ്മലതയിലും മറ്റുള്ളവർക്ക് മാതൃകയായി ജീവിക്കണമെന്ന് വിക്ടറി ഇന്റർനാഷണൽ എ. ജി. വർഷിപ്പ് സെന്റർ സീനിയർ പാസ്റ്റർ രവി മണി പറഞ്ഞു. ക്രിസ്തീയ യുവജന സമ്മേളനമായ ട്രാൻസ്ഫോമിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഹൈബ്ബാൾ എസ്റ്റീം മാളിനു സമീപം ചിരഞ്ജീവി ലേ ഔട്ട് വിക്ടറി ഇന്റർനാഷണൽ അസംബ്ലീസ് ഓഫ് ഗോഡ് ഹാളിൽ നടന്ന യുവജന സമ്മേളനത്തിൽ ഡോ. ഏലിയാസ് ജേക്കബ് (യു.എ.ഇ) മുഖ്യ പ്രഭാഷണം നടത്തി. റവ. ശിരോമണി, ബ്രദർ വിജയ് കോതവള്ളി എന്നിവരുടെ നേതൃത്വത്തിൽ സംഗീത ആരാധനയും ഉണ്ടായിരുന്നു.

## വനിതാസമ്മേളനം

റെയ്ച്ചൂർ: ക്രൈസ്തവ പെന്തെക്കോസ്ത് സഭകളിലെ വനിതകൾക്ക് റെയ്ച്ചൂർ ജില്ലയിലെ അസാപൂർ അഗപ്പെ എ.ജി. ചർച്ചിൽ നടത്തിയ ക്രിസ്തീയ വനിതാ ക്യാമ്പ് സമാപിച്ചു. ഇവാഞ്ചലിൻ സൂസൻ രവി, സിസ്റ്റർ ഹൈഫ്സിബാ വരപ്രസാദ് എന്നിവർ മുഖ്യ പ്രഭാഷണം നടത്തി.

## സി.ഇ.എം ക്യാമ്പ്

പത്തനംതിട്ട: സി.ഇ.എം. പത്തനംതിട്ട സെന്റർ ഏകദിന ക്യാമ്പ് ഓഗസ്റ്റ് 27നു മേക്കൊഴൂർ ശാരോൻ ഫെലോഷിപ്പ് ചർച്ചിൽ വച്ച് നടന്നു. സെന്റർ മിനിസ്റ്റർ പാസ്റ്റർ വി ജെ തോമസ് ഉദ്ഘാടനം ചെയ്തു. 'ദൈവഹിതം തിരിച്ചറിയുക' എന്നതായിരുന്നു ചിന്താവിഷയം. ഡോ. സാബു എസ് ഫിലിപ്പ്, പാസ്റ്റർ ജോൺ സി റാന്നി തുടങ്ങിയവർ പ്രസംഗിച്ചു. തിമോത്തി കിഡ്സിന്റെ പ്രത്യേക സെക്ഷൻ ഉണ്ടായിരുന്നു. പ്രസിഡന്റ് പാസ്റ്റർ കെ. എം. കുര്യാക്കോസ്, സെക്രട്ടറി ബ്രദർ ജീസൺ ദാനിയേൽ തുടങ്ങിയവർ നേതൃത്വം നൽകി.











## ലാൻഡ്‌വേ ന്യൂസിന്റെ പരസ്യനിരക്കുകൾ


| Size | Multicolour | Black & White |
|---|---|---|
| Frontside Half | 10,000/- | NIL |
| Full Page (Back) | 10,000/- | NIL |
| Half Page (Back) | 6,000/- | NIL |
| Quarter Page (Middle) | 4,000/- | NIL |
| 10 Cm X 3 Column | 3,000/- | 1,500/- |
| 10 Cm X 2 Column | 2,000/- | 1,000/- |
| 5 Cm X 2 Column | 1,000/- | 500/- |
| Minimum 5 cm X 1 Column - Rs. 500/- (BW) | | |
| Matrimonial - Rs 500/- for 4 Issues Rs. 1500/- (BW) | | |


**വരിസംഖ്യ, സംഭാവന, പരസ്യത്തുക എന്നിവ അയ്ക്കേണ്ട ലാൻഡ്‌വേ ന്യൂസിന്റെ ഔദ്യോഗിക ബാങ്ക് അക്കൗണ്ട് താഴെ കൊടുക്കുന്നു.**

*Office Address*
LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pathanamthitta Dist,
Kerala State, India Pin - 689502

*Bank Details*
LANDWAY NEWS
A/c. No. 0386053000004236
South Indian Bank - Thumpamon
IFSC: SIBL0000386
SWIFT CODE: SOININ55

## ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ വിവാഹ ആശംസകൾ


ലിഡിയ & ബിജോ


ജോസി & സിറിൽ


ബ്ലസൻ & പ്രെയ്സി


Printed, Published and owned by Santhosh Pandalam and Printed at Mangalam Publications (I) PVT, LTD, Mangalam Complex, S.H. Mount P.O, Kottayam (Dist), Kerala (State), Pin – 686006, Olive Thottathil, Thumpamon P.O, Pathanamthitta (Dist), Kerala (State), India – Editor: Sherly Santhosh.